ലക്കം-12/ഡിസംബർ, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# ആമുഖം

# നമുക്കു മാറേണ്ടിയിരിക്കുന്നു...

ഹവിസ്സ് പന്ത്രണ്ടാമതു പതിപ്പിലേയ്ക്കു കടക്കുകയാണ്. ഹവിസ്സിന്റെ വളർച്ച തൊട്ടടുത്തു നിന്നു കണ്ട ഞങ്ങൾക്ക് ഇപ്പോഴും അതിശയം വിട്ടുമാറിയിട്ടില്ല. തികച്ചും സാന്ദർഭികമായി തുടങ്ങിയ ഒരു ചെറിയ സംരഭം, അതിന്റെ ബാലാരിഷ്ടതകളെ ഏറെ പിന്തള്ളി ഒരു 12 കാരന്റെ ചൊടിയോടെ കൗമാരത്തിലേയ്ക്ക് ചുവടുവയ്ക്കുകയാണ്. ഇക്കാലമത്രയും ഞങ്ങളോടൊപ്പം നിന്ന വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും, ലേഖനങ്ങളും കവിതകളും എഴുതി സഹായിച്ചവർക്കും, വലിയ ബുദ്ധിമുട്ടുകൾ സഹിച്ചു തന്നെ പല നല്ല ലേഖനങ്ങളും മൊഴിമാററം ചെയ്തവർക്കും എല്ലാം എല്ലാം ഒരായിരം പ്രണാമം.

ഒരു വർഷം കൂടി പടിയിറങ്ങുവാൻ കാത്തു നിൽക്കുന്നു... ദൈവത്തിന്റെ സ്വന്തം നാടിനെ കൂടുതൽ അടുത്തറിയുവാൻ, കേരളത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്ന, വഹിക്കുവാനിടയുള്ള അനേകരുമായി ഇടപഴകുവാൻ ഏറെ അവസരങ്ങളും ഈ വർഷം സമ്മാനിച്ചു. ഈ നേർക്കാഴ്ചയ്ക്കൊടുവിൽ ഹവിസ്സിനു പറയാനുള്ളത് ഒന്നു മാത്രം, മലയാളി മാറേണ്ടിയിരിക്കുന്നു....

ഹവിസ്സിന് ഒരു മുൻവിധിയുമില്ല, ഒരു കാര്യത്തിലും, ഒരാളെക്കുറിച്ചും. നന്മയുടെ കിരണങ്ങൾ ഏററ് ഈ ഭൂമി പുളകിതയാകണം, മനുഷ്യ മനസ്സിലെ ദുഃഖവും അശാന്തിയും എന്നെന്നേയ്ക്കുമായി മാറണം. ഇതു മാത്രമാണ് ഹവിസ്സിന്റെ ആഗ്രഹം. സത്യത്തിനു പിന്തിരിഞ്ഞു നിൽക്കുവാൻ അതിനാൽ തന്നെ ഹവിസ്സിനു ബുദ്ധിമുട്ടുണ്ട്.

മോനേ കൊല്ലത്തു വരുമ്പോൾ ഞങ്ങളുടെ അവിടെ കൂടെ കയറണേ, മറക്കല്ലേ, എന്നു പറയുമ്പോൾ കണ്ണു നിറയുന്ന അമ്മയുടെ മുഖം... ലഹരിയ്ക്കു കൂട്ടുപോയ അച്ഛനെ നഷ്ടപ്പെട്ടിട്ട് മാസം ആറു കഴിഞ്ഞിട്ടും, ഇപ്പോഴും നിറഞ്ഞു നിൽക്കുന്ന 20 കാരിയുടെ കണ്ണുകൾ... കുടുംബ സ്വത്തു വരെ വിററു കുടിച്ചു തീർന്നപ്പോൾ, നിത്യവും ഏതെങ്കിലും ബാറിനു മുമ്പിൽ പരിചയക്കാരെ കാത്തിരുന്ന് ഇരന്നു കുടിക്കുന്ന ചെറുപ്പക്കാരന്റെ മുഖം... ലഹരിയുടെ കെണിയിൽ കുടുങ്ങി, 40 കളിൽ തന്നെ ജീവിതത്തിൽ നിന്നു പടിയിറങ്ങിപ്പോയ കുറെ ചെറുപ്പക്കാർ... ഇനിയും ഏറെ ചെയ്യാനുണ്ടെന്നു ഞങ്ങളെ ഓർമ്മിപ്പിക്കുന്നത് ഈ മുഖങ്ങളാണ്.

അടിമുടി ലഹരിയിൽ മുങ്ങിപ്പൊങ്ങുന്ന മലയാളത്തെ നേർവഴി നയിക്കുവാൻ എന്റെ കേരളം, ലഹരി വിമുക്ത കേരളം പദ്ധതി ബ്രഹ്മാകുമാരീസിന്റെ മെഡിക്കൽ വിഭാഗം കേരളത്തിൽ തുടക്കം കുറിച്ചിട്ട് രണ്ടു മാസങ്ങൾ പൂർത്തിയായി. ജനങ്ങളുടെ ഭാഗത്തു നിന്നും നിർല്ലോഭമായ പ്രോത്സാഹനങ്ങളും സഹകരണവുമാണ് എവിടെയും. പാലക്കാടും മലപ്പുറത്തും തൃശ്ശൂരും എറണാകുളത്തും തിരുവനന്തപുരത്തും അക്ഷീണരായി ബ്രഹ്മാകുമാരീസിന്റെ സഹോദരീ-സഹോദരന്മാർ അവരുടെ പ്രവർത്തനങ്ങളിലാണ്.

മീനിന് വായിൽ പുണ്ണാണെന്നും ചൂണ്ടയിട്ടിട്ട് കാര്യമില്ലെന്നും പ്രഖ്യാപിച്ച് വെറുതെയിരിക്കുന്ന ഒരു കൂട്ടർ അപ്പോഴുമുണ്ടായിരുന്നു. കേരളം നന്നാവില്ല എന്നായി മറെറാരു കൂട്ടർ. അറിവിന്റെ ഭണ്ഡാരമായിരുന്നിട്ടും ഗുമസ്തരാകുവാൻ നെട്ടോട്ടമോടുന്ന ഭൂരിപക്ഷം മലയാളിയും ഒഴുക്കിനൊത്തു നീന്തുവാൻ മാത്രം പഠിച്ചിരിക്കുന്നു. മാററം അവരുടെ സ്വപ്നങ്ങളിൽ നിന്നു പോലും അന്യമായ പോലെ.

മുഖ്യമന്ത്രി ഉൾപ്പെടെ പലരും ബ്രഹ്മാകുമാരീസിന്റെ പ്രവർത്തനങ്ങൾ കാലത്തിന്റെ ആവശ്യമാണെന്നു പറഞ്ഞപ്പോൾ, അധികാരത്തിന്റെ ചില കോണുകളിൽ നിന്നും ഉയർന്നത് പരിഹാസവും പുച്ഛവും ആയിരുന്നു. തിരുവനന്തപുരത്തു മാത്രം 4.5% സ്കൂൾ വിദ്യാർത്ഥികൾ മദ്യപിക്കുന്നവരാണെന്ന് സർക്കാർ അന്വേഷണത്തിൽ കണ്ടെത്തിയിട്ടും (യഥാർത്ഥ കണക്കുകൾ ഇതിലും എത്രയോ ഇരട്ടി) ആസന്നം ഉറച്ചു തന്നെ ഇരിക്കുമ്പോൾ വികട സരസ്വതി വിളയാടിയില്ലെങ്കിലേ അതിശയമുള്ളല്ലോ!

അപ്പോഴും ഉള്ളിലിരുന്നാരോ മന്ത്രിച്ചു, വിഘ്നം വിജയത്തിലേയ്ക്കുള്ള ആദ്യ ചുവടു വയ്പാണ്. ഈ നാടിനെ രക്ഷിച്ചേ തീരൂ. ജ്ഞാനിയും അജ്ഞാനിയും എല്ലാം ഇരുട്ടിൽ തപ്പുമ്പോൾ കയ്യിലുള്ള വെളിച്ചം എന്താണെന്നത് പ്രശ്നമല്ല, മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടമാണെങ്കിലും അത് വെളിച്ചമാണല്ലോ എന്നതാണ് കാര്യം. കാട്ടായത്തിനും കൊട്ടിഘോഷത്തിനും അപ്പുറം നന്മയുടെ ഒരു കൂട്ടയ്മ ഇനിയും കേരളത്തിൽ ജന്മമെടുക്കേണ്ടിയിരിക്കുന്നു. സത്യത്തിന്റെ കണ്ണാടിയിൽ മുഖം കോടാത്ത ഒരു പുത്തൻ തലമുറ വളർന്നു വരുക തന്നെ ചെയ്യും! അതിനു 12 ലക്കങ്ങളല്ല, 12 സംവത്സരങ്ങൾ തപസ്സിരിക്കുവാനും ഹവിസ്സ് തയ്യാറാണ്. വിപ്ലവത്തിന്റെ ആ കുത്തൊഴുക്കിൽപ്പെട്ട് പല വടവൃക്ഷങ്ങളും കടപുഴകും, നെല്ലും പതിരും എന്നെന്നേക്കുമായി തിരിച്ചറിയപ്പെടും.

മലയാളക്കരയിൽ മാററത്തിന്റെ കൊടുങ്കാററ് അഴിച്ചുവിട്ട അരിവിപ്പുറത്തെ പുണ്യസ്മൃതികളുറങ്ങുന്ന മണ്ണിൽ ചവുട്ടി നിന്നപ്പോൾ മനസ്സിലേയ്ക്ക് വന്നത് ആശാന്റെ ആ ഈരടികൾ:

മാററുവിൻ ചട്ടങ്ങളേ, സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ.



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ............................................................................................................ ദാദി ജാനകി

ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും......ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

എന്റെ കേരളം, ലഹരി വിമുക്ത കേരളം.....................................ഡോ.വത്സലൻ നായർ, മൗണ്ട് ആബു

നമ്രത.................................................................................................................ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

ഈശ്വര സ്നേഹവും സൗഹൃദവും...............................................................................................ബി. കെ. അനില

മണ്ഡലകാലം.......................................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

പൊരുൾ തേടുമ്പോൾ..............................................................................................ബി.കെ. സുഭാഷ്, മൗണ്ട് ആബു

മൂല്യങ്ങൾ സുവർണ്ണ യുഗത്തിന്റെ മുഖമുദ്ര.....................................................ടി.എൻ.കെ. വർമ്മ, കൊച്ചി

നിദ്ര.............................................................................................................ബി.കെ. അനിൽ, തിരുവനന്തപുരം

ആരോഗ്യകരമായ ജീവിതത്തിന്......................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

നേർക്കാഴ്ച.........................................................................ബി.കെ. ഡോ.വത്സലൻ നായർ, മൗണ്ട് ആബു


സംഗമയുഗത്തിലെ കല്യാണ സൗഗന്ധികം............................ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

എന്താണ് സന്തോഷം..........................................................................ബി. കെ. രാജേഷ്മോഹൻ, ആലപ്പുഴ

ചാതുർവർണ്യം..................................................................................................ചന്ദ്രശേഖരൻ, കൊടുങ്ങല്ലൂർ

അമ്മയുടെ കൈകൾ.........................................................................................................സുനിത, പാലക്കാട്

ഈശ്വരീയ സേവനം കേരളത്തിൽ..........................................................................ഹവിസ് ബ്യൂറൊ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## സത്യത്തിന്റെ ശക്തി നമുക്ക് സഹനശക്തി നൽകുന്നു.

മററുള്ളവർ എന്റെ വാക്കുകളിലെ സത്യത്തെ ചോദ്യം ചെയ്യുമ്പോൾ, എനിക്ക് എന്തെങ്കിലും തിരുത്തുവാനോ പഠിക്കുവാനോ ഉണ്ടോ എന്ന് ഞാൻ ആലോചിക്കണം. അപ്പോൾ, എനിക്ക് പറയുവാനുള്ള തിനെക്കുറിച്ച് ദാർഢ്യം പിടിക്കുന്നതിനും മററുള്ളവരെ കുററപ്പെടുത്തു ന്നതിനും പകരം സഹിക്കുന്നതാണ് സഹജം എന്ന് ഞാൻ കണ്ടെത്തും.

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും

ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

## പരമാത്മാജ്ഞാനം ഗീതയുടെ മാത്രം പ്രത്യേകത

### പരമാത്മാവിന്റെ അവതരണ സമയം

**യദായദാഹിധർമ്മസ്യ ഗ്ലാനിർ ഭവതി ഭാരതഹഃ**
**അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം**
**പരിത്രാണായ സാധൂനാം വിനാശായച ദുഷ്കൃതാം**
**ധർമ്മസംസ്ഥാപാനാർത്ഥായ സംഭവാമി യുഗേയുഗേ**

ധർമ്മത്തിന് അതിഗ്ലാനി സംഭവിക്കുന്ന കല്പാവസാന സമയമാണ് പരമാത്മാവ് അവതരിക്കുന്നത്. ധർമ്മത്തെ പുനഃസ്ഥാപിക്കുകയാണ് ഭഗവാന്റെ അവതാരണ ഉദ്ദേശ്യം. പൊതുവേ എല്ലാവരുടെയും ധാരണ ഈശ്വരൻ അടിക്കടി അവതരിച്ച് ധർമ്മം സ്ഥാപിക്കുമെന്നാണ്. അതിനാൽ പലരും വിചാരിക്കുന്നു, കൃഷ്ണനായി വന്നതും ബുദ്ധനായി വന്നതും കൃസ്തുവായി വന്നതും ഭഗവാൻ തന്നെയാണ്. ഈശ്വരൻ സർവ്വവ്യാപിയാണെന്ന വിശ്വാസമാണ് ഇതിനു കാരണം. ഈശ്വരനെക്കുറിച്ചുള്ള യഥാർത്ഥ പരിചയം – ഈശ്വരനാരാണ്, ഈശ്വരന്റെ കർത്തവ്യമെന്താണ – ഇതെല്ലാം ഈശ്വരൻ വന്ന് തരുമ്പോൾ മാത്രമേ നമുക്കു മനസ്സിലാകൂ.

യുഗേയുഗേ എന്ന് ഗീതയിൽ ഉദ്ദേശിക്കുന്നത് ധർമ്മയുഗമാണ്. ധർമ്മയുഗമെന്നാൽ ഒരു ധർമ്മചക്രം. അതായത് ധർമ്മം 100% ഉണ്ടായിരുന്ന സത്യയുഗം മുതൽ ധർമ്മം തീർത്തും ഇല്ലാതാകുന്ന കലിയുഗാന്ത്യം വരെയുള്ള സമയമാണ് ധർമ്മയുഗം. ഈ ധർമ്മയുഗത്തിൽ ധർമ്മത്തിന് ഏറ്റവും ഇടിച്ചിൽ സംഭവിക്കുന്നത് കലിയുഗാന്ത്യത്തിലാണ്. ആ കലിയുഗാന്ത്യത്തിൽ ഭക്തരെല്ലാം വെറും സാധുക്കളായിരിക്കും. ബാക്കിയെല്ലാവരും ഏതാണ്ട് കൊള്ളക്കാരെപ്പോലെയായിട്ടുണ്ടായിരിക്കും. അപ്രകാരം ദുഷ്കർമ്മങ്ങൾ ചെയ്യുന്നവരെ നശിപ്പിച്ച് സാധുക്കൾക്ക് സ്വർഗ്ഗരാജ്യം നൽകുമെന്നാണ് ഗീത പറയുന്നത്. കലിയുഗാന്ത്യത്തിൽ പുണ്യത്തെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല, പണത്തെക്കുറിച്ചാണ് ചിന്ത മുഴുവൻ. ആ ചിന്ത മൂത്ത് എന്ത് വൃത്തികേടും കാണിച്ച് ധനമുണ്ടാക്കാനുള്ള ചിന്തയിലായിരിക്കും മനുഷ്യരിൽ ഭൂരിഭാഗവും. മനുഷ്യബന്ധങ്ങൾക്കോ, ധാർമ്മീകമൂല്യങ്ങൾക്കോ, പ്രകൃതിയുടെ നിലനിൽപ്പോ ഒന്നും ഇവർക്ക് ചിന്തയില്ല. ചിന്ത ഒന്നേയുള്ളൂ – എങ്ങനെ പരമാവധി ധനമുണ്ടാക്കാം. ഭഗവാന്റെ യഥാർത്ഥ ഭക്തർ മാത്രം ധർമ്മത്തെക്കുറിച്ച് ചിന്തിക്കുന്നു, ഭഗവാനോട് നിസ്വാർത്ഥ ഭക്തി പുലർത്തുന്നു. അങ്ങനെയുള്ള തന്റെ ഭക്തരെ രക്ഷിക്കുന്നതിനും ബാക്കിയുള്ള അധർമ്മികളായ മനുഷ്യരെ ഭൂമുഖത്തു നിന്നും നീക്കം ചെയ്യുന്നതിനുമാണ് ഭഗവാൻ അവതരിക്കുന്നത്.

# ലഹരി വിമുക്ത കേരളം

ഡോ. വത്സലൻ നായർ, മൗണ്ട് ആബു

ദൈവത്തിൻ സ്വന്തം നാടിതു ഞങ്ങൾ
സ്വർണ്ണിമ ദൈവീക രാജ്യമാക്കും (2)

ഈ ഭൂവു സ്വർഗ്ഗമാക്കിടും ഞങ്ങൾ
ഈ മണ്ണു വീണ്ടും പവിത്രമാക്കും
പഞ്ച വികാര കെട്ടു പൊട്ടിക്കും
പഞ്ചേന്ദ്രിയങ്ങൾ സ്വതന്ത്രമാക്കും
ഞങ്ങൾ മണ്ണിതു വീണ്ടും വിണ്ണാക്കും (2)

അറിവിൻ നറുതിരി വെട്ടത്താൽ
അജ്ഞാനത്തിമിരമകലും (2)

സ്നേഹവും ശാന്തിയും പുലരുമ്പോൾ
ഈ വിശ്വം ഒററ കുടുംബമാകും (2)

ദ്വാപരയുഗത്തിൽ ഭഗവാൻ അവതരിച്ച് ഗീതാ ജ്ഞാനം നൽകിയെന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. ദ്വാപരം സൃഷ്ടിയുടെ സന്ധ്യയാണ്. മൂന്നാം പാദത്തിലേയ്ക്ക് സൃഷ്ടി കടക്കുന്ന സമയമാണ്. ധർമ്മം പകുതിയുണ്ട്. തീരെ അധഃപതിച്ചിട്ടില്ല. ആ സമയത്ത് ധർമ്മത്തെ പുനഃസ്ഥാപിക്കുകയെന്നു പറഞ്ഞാൽ സന്ധ്യയ്ക്ക് സൂര്യനുദിച്ച് നേരം വെളുപ്പിക്കുകയെന്നു പറയുന്നതിനു തുല്യമാണ്. ദ്വാപരയുഗത്തിനു ശേഷം വരുന്നത് കലിയുഗമാണ്. ഭഗവാൻ ദ്വാപരയുഗത്തിൽ ധർമ്മം സ്ഥാപിക്കുവാൻ അവതരിച്ച് അധർമ്മം നിറഞ്ഞ കലിയുഗമാണ് സ്ഥാപിച്ചതെങ്കിൽ...? ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു രഹസ്യമുണ്ട്. ഭാരതീയ പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങൾ നടന്നത് കല്പാവസാനമാണ്. കല്പാവസാനമാണ് ഭഗവാൻ അവതരിക്കുന്നതും ദേവാത്മാക്കൾ ഭഗവാന്റെ കൂടെ നിന്ന് ദേവാസുര യുദ്ധം നടത്തുന്നതും. എന്നാൽ വ്യാസമഹർഷി ഈ കാര്യങ്ങൾ രചിച്ചത് ദ്വാപരയുഗത്തിലാണ്. ദ്വാപരയുഗത്തിൽ ദേവതകൾ വാമമാർഗ്ഗത്തിലേയ്ക്ക് തിരിഞ്ഞ സമയം മനുഷ്യരെ ധർമ്മിഷ്ടരാക്കുന്നതിനായി പുരാണങ്ങൾ രചിച്ചു. എന്നാൽ പുരാണങ്ങളിൽ പറയുന്ന സംഭവങ്ങൾ നടന്നത് കല്പാവസാനമാണ്. കല്പാവസാനം നടന്ന കാര്യങ്ങൾ തന്റെ കാലഘട്ടത്തിലെ ഒരു സംഭവമായി ചിത്രീകരിച്ച് കവിയായ മഹർഷി പുരാണങ്ങൾ രചിച്ചു. മഹാഭാരത യുദ്ധവും ഗീതോപദേശവും നടന്നത് ഇപ്രകാരം കല്പാവസാനം കലിയുഗാന്ത്യത്തിലാണ്. കലിയുഗാന്ത്യത്തിൽ ഭൂമി മുഴുവൻ അനേക ഭരണനേതാക്കളും മാരകായുധങ്ങളും അണിനിരന്ന യുദ്ധമാണ് വ്യാസമഹർഷി മഹാഭാരതത്തിൽ വർണ്ണിച്ചിരിക്കുന്നത്. അത് കേവലം ഒരു യുദ്ധമൈതാനിയിൽ നടന്ന യുദ്ധമല്ല. ഈ യുദ്ധത്തിലൂടെ കാലചക്രത്തിന്റെ ഒരു ചക്രം പൂർത്തിയാകും. വീണ്ടും സത്യയുഗത്തിന്റെ ആരംഭം കുറിക്കും. എന്നാൽ കലിയുഗത്തിലെ മനുഷ്യർക്കാർക്കും തന്നെ സത്യയുഗത്തെക്കുറിച്ചോ സത്യയുഗത്തിലേയ്ക്ക് പോകാനുള്ള അറിവോ ഇല്ല. ഇവിടെയാണ് സർവ്വജ്ഞനായ ഭഗവാൻ അവതരിച്ച് മനുഷ്യനെ പഠിപ്പിക്കുന്നത്. ഒരു കാലഘട്ടത്തിൽ ഭഗവാൻ അവതരിച്ച് മാനവകുലത്തിനാകമാനം കൊടുത്ത അറിവാണ് വ്യാസമഹർഷി കൃഷ്ണാർജ്ജുന സംവാദരൂപത്തിൽ ഭഗവദ്ഗീതയായി രചിച്ചത്. ഭഗവാൻ ഒരാളെ പഠിപ്പിക്കാനാണ് അവതരിക്കുന്നതെങ്കിൽ ഭൂമിയിൽ എങ്ങനെ ധർമ്മസ്ഥാപന നടക്കും. സാധുക്കളെ സംരക്ഷിക്കാനാണ് ഞാൻ വരുന്നതെന്ന് പറയുമ്പോൾ അത് ഒരു അർജ്ജുനന്റെ കാര്യമല്ല മുഴുവൻ മനുഷ്യരുടെയും കാര്യമാണ്.



# നമ്രത (വിനയം)

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

നമ്രചിത്തനാവുകയെന്നാൽ തലകുനിക്കുക എന്നാണർത്ഥം. സംസ്കാരം കൊണ്ടും സങ്കല്പം കൊണ്ടും എത്രത്തോളം നമ്മൾ തലകുനിക്കുന്നുവോ അത്രയും തന്നെ ലോകം നമ്മുടെ മുന്നിലും തലകുനിക്കും. തലകുനിക്കുകയെന്നാൽ അതിനർത്ഥം എല്ലാവരുടേയും ആശീർവാദം നേടുകയെന്നതാണ്.

ഈശ്വരീയ മര്യാദകളനുസരിച്ച് പരസ്പരം തങ്ങളുടെ വിചാരങ്ങളെ ബഹുമാനിക്കുകയെന്നതാണ് വിനയം. വിനയമുള്ളവനായി മാറി എല്ലാവർക്കും ബഹുമാനം നൽകുമ്പോഴാണ് നമുക്കും മറ്റുള്ളവരിൽ നിന്നും ബഹുമാനം ലഭിക്കുന്നത്. നാമല്ല ചെയ്യുന്നത്, നമ്മെക്കൊണ്ട് ഓരോ ശ്രേഷ്ഠമായ കാര്യങ്ങളും ചെയ്യിപ്പിക്കുന്നത് ഈശ്വരനാണെന്നുള്ള ശ്രേഷ്ഠ സ്മൃതി ആരിലാണോ ഉള്ളത് അവർക്കാണ് എല്ലായ്പ്പോഴും നമ്രചിത്തനായി ഇരിക്കാൻ കഴിയുന്നത്. കാരണം ആ സ്മൃതി അവരിൽ അഹംഭാവം ഉണ്ടാകാൻ അനുവദിക്കില്ല.

ഞാൻ ആത്മാവാണെന്നുള്ള ശ്രേഷ്ഠമായ സ്മൃതി എത്രമാത്രം ഉണ്ടാകുന്നുവോ അതിനനുസരിച്ച് അവരുടെ കണ്ണുകളിലും കർമ്മത്തിലും വിനയം ഉണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ വിനയമെന്ന ഗുണം ഇല്ലാതെ വിശ്വത്തിന്റെ മംഗളം ഉണ്ടാകില്ല.

വിനയമുള്ളവർക്ക് എല്ലാവരുടെയും ഹൃദയത്തിൽ സ്ഥാനമുണ്ടായിരിക്കും. ഈയൊരു ഗുണത്തിലൂടെത്തന്നെയാണ് നമുക്ക് സുഖദാതാവാകാൻ കഴിയുന്നത്. യഥാർത്ഥമായ സേവകന്റെ മുഖമുദ്രയാണ് വിനയം. അവരുടെ കർമ്മത്തിലും നടപ്പിലും സംസാരത്തിലുമെല്ലാം ആത്മീയതയുടെ സ്പർശം ഉണ്ടായിരിക്കും.

ലോകഹിതാർത്ഥം ഏതെങ്കിലും ഒരു കാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശം ലഭിച്ചാലും വിനയ ചിത്തരായിട്ടുള്ളവർ എല്ലായ്പ്പോഴും ശരി എന്നു പറയുന്നതിനാൽ അവർ എല്ലാവരാലും സർവ്വ സമ്മതനും മാനനീയനുമായിത്തീരുന്നു.

നമ്രതയെന്നത് മഹാനതയുടെ അടയാളമാണ്. ആരാണോ വിനയമുള്ളവരായിരിക്കുന്നത് അവർ എല്ലാവരുടേയും ഹൃദയത്തിൽ മഹാനായിരിക്കും. ഹൃദയത്തിൽ നിന്നുള്ള ആശീർവാദം നേടുന്നതിന് നമ്മെ പ്രാപ്തമാക്കുന്നത് വിനയം എന്ന വിശേഷതയാണ്. അതുകൊണ്ട് വാക്ക്, ചിന്ത, സംബന്ധം, സമ്പർക്കം ഇവയിലെല്ലാം തന്നെ വിനയമെന്ന ഗുണം ധാരണ ചെയ്യണം.

വിനയം എന്ന വിശേഷത ഓരോ കാര്യത്തിലും വളരെയെളുപ്പത്തിൽ ഫലം നേടുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു. അതോടൊപ്പം ജീവിതത്തിൽ ഉയരങ്ങളിലേയ്ക്കുള്ള ചവിട്ടുപടിയും വിനയം എന്ന ഗുണം തന്നെയാണ്. അപ്പോൾ വിനയം എന്നതിന്റെ അർത്ഥം ഇതാണ് – തന്റെ വിശേഷതകളിലൂടെയും സ്നേഹത്തിലൂടെയും എല്ലാവരേയും തന്റെ മുന്നിൽ തലകുനിപ്പിക്കുക.

ഒരു സംഘടനയിലാണെങ്കിൽപ്പോലും സഫലത നേടുന്നതിനുള്ള ആധാരവും വിനയം തന്നെയാണ്. വിനയമെന്ന ഗുണത്തിന്റെ പടച്ചട്ടയണിഞ്ഞ് നിൽക്കുമ്പോൾ പ്രശ്നങ്ങളുടെ യുദ്ധത്തിൽ നിന്നും രക്ഷപ്പെടാം. വിനയം തന്നെയാണ് നവവിശ്വനിർമ്മാണത്തിന്റെ ആധാരവും.



# ഈശ്വര സ്നേഹവും സൗഹൃദവും

ബി.കെ. അനില, തിരുവനന്തപുരം

സ്നേഹം ജീവിതത്തിലെ അവിഭാജ്യ ഘടകമാണ്. ജീവിതം സ്നേഹസമ്പന്നമാണെങ്കിൽ മാത്രമേ അതിൽ സന്തോഷവും നിറവും ഉണ്ടായിരിക്കൂ. യഥാർത്ഥമായ സ്നേഹവും സന്തോഷവും നിറവും ഈശ്വരീയതയിൽ അധിഷ്ഠിതമായ സ്നേഹവും സന്തോഷവും നിറവുമാണ്. അവ നമുക്ക് എങ്ങനെ അനുഭവിക്കുവാൻ കഴിയും? സത്സംഗത്തിലൂടെ അത് സാധ്യമാകുന്നു.

സത്സംഗത്തിന് ഭക്തിയിൽ വളരെയധികം മഹിമ പാടപ്പെടുന്നു. സത്സംഗം മനോമാലിന്യങ്ങളെ നീക്കുകയും പാപവിമുക്തമാക്കുകയും ചെയ്യുന്നുവെന്നും പറയുന്നു. സത്സംഗമെന്നാൽ സത്യവു മായി മനസ്സിന്റെയും ബുദ്ധിയുടെയും സംസർഗ്ഗം. സത്യസ്വരൂപമായ ഈശ്വര സംസർഗ്ഗമാണ് വാസ്തവിക സത്സംഗം. ലോഹത്തെ സ്വർണ്ണമാക്കി മാറ്റുന്ന സ്പർശമണി പോലെയാണ് ഈശ്വര സത്സംഗം. അത് മനസ്സിലെ മാലിന്യങ്ങൾ മാറ്റുന്നു. പാപങ്ങൾ ഇല്ലാതാക്കുന്നു. അനേക പ്രകാരത്തിലുള്ള ദുഃഖങ്ങളെ വിസ്മൃതമാക്കുന്നു.

നമുക്ക് ആവശ്യമുള്ള സമയത്ത്, പ്രയാസങ്ങൾ അനുഭവിക്കുന്ന നേരത്ത് മനസ്സ് ഏതെങ്കിലും ആശ്രയം തേടും. ആരുടെയെങ്കിലും സഹായത്തിനു വേണ്ടി ആഗ്രഹിക്കും. അപ്പോൾ വിവശമായിരിക്കുന്ന മനസ്സിനെ വീണ്ടും സന്തോഷത്തിലേയ്ക്ക് കൊണ്ടു വരാൻ സഹായിക്കുന്ന ഒരു സ്നേഹബന്ധമാണ്. ഈശ്വര സത്സംഗം അനുഭവിക്കുവാൻ വിശിഷ്ടമായ ഒരു ബന്ധത്തിലൂടെ സാധ്യമാകും- ഈശ്വരനുമായി സുഹൃത് ബന്ധം. ഈ ബന്ധം നിഷ്കാമവും, നിഷ്പക്ഷവും അവിനാശിയുമാണ്. ദുർബ്ബലനായ ഒരു വ്യക്തിയോടൊപ്പം ശൂരവീരനായ ഒരു കൂട്ടുകാരൻ ഉണ്ടായിരിക്കുമെങ്കിൽ ദുർബ്ബലനും താനൊരു ശൂരവീരനാണെന്ന അനുഭവമുണ്ടാകുന്നു. അതുപോലെ ഭയനാകമോ, ദുഃഖദായകമോ ആയ സാഹചര്യത്തിലോ സ്ഥാനത്തോ നമ്മൾ ആയിരിക്കുമ്പോൾ നമ്മുടെ ഒപ്പമുള്ളത് സർവ്വശക്തനായ ഈശ്വരനാണെങ്കിൽ, ആ കൂട്ടുകെട്ട് കാരണം, മനോബലം അനുഭവപ്പെടും. ജീവിതത്തിൽ ഏകാന്തത അനുഭവപ്പെടുമ്പോൾ നീരസം തോന്നും. എല്ലാം വിരസമായി തോന്നും . മനസ്സ് നിശ്ശബ്ദമാകും. ഉദാസീനമാകും. നല്ലൊരു കൂട്ടുകാരനെ ലഭിക്കുമ്പോൾ ജീവിതത്തിലെ വിരസതകൾ ഇല്ലാതാകുകയും സന്തോഷം തോന്നുകയും ചെയ്യുന്നതുപോലെ ഈശ്വരനെ കൂട്ടുകാരനാക്കുമ്പോൾ ഈശ്വരന്റെ കൈപിടിച്ച് മുന്നോട്ട് പോകുകയാണെന്ന അനുഭവമുണ്ടാകും. അലൗകികമായ ഈശ്വരീയ സന്തോഷം ഉണ്ടാകും. ജീവിതത്തിലെ ഭാരങ്ങൾ ഒറ്റയ്ക്ക് എടുക്കാൻ ശ്രമിക്കുമ്പോഴാണ് ഇനി മുന്നോട്ട് പോകാൻ കഴിയില്ല എന്ന തോന്നൽ വരുന്നത്. എന്നാൽ ഈശ്വരന്റെ കൈ പിടിച്ച് മുന്നോട്ട് പോകുമ്പോൾ ഭാരങ്ങൾ ഒഴിയാൻ തുടങ്ങുന്നു, ജീവിതം ഉല്ലാസപൂർണ്ണമാകുന്നു. കർമ്മങ്ങൾ ചെയ്യുമ്പോഴും പാവനമായ ആ സത്സംഗം നിലനിർത്തുമെങ്കിൽ ഭാരരാഹിത്യം മനസ്സിനുണ്ടാകും. മനോബലവും ഉണ്ടായിരിക്കും. ഹൃദയമാകുന്ന സിംഹാസനത്തിൽ ഈശ്വരനാകുന്ന കൂട്ടുകാരനെ നമ്മൾ ഇരുത്തണം. അപ്പോൾ വിപരീതമായ സാഹചര്യങ്ങൾ ഉണ്ടായിരിക്കുമ്പോഴും, ആ ഈശ്വര സൗഹൃദത്തിന്റെ നിരുപാധിക സ്നേഹം നമ്മെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യസ്ഥാനത്തേയ്ക്ക് എത്തിക്കുകയാണെന്ന അനുഭവം ഉണ്ടാകും. നമ്മൾ ഒരു ചുവട് വയ്ക്കുമ്പോൾ ആയിരം ചുവടിന്റെ സഹായവും സ്നേഹവും ആ കൂട്ടുകാരനിൽ നിന്നും ലഭിക്കുന്നതായി അനുഭവപ്പെടും. ആ നിർമ്മലമായ സ്നേഹം നമുക്ക് മാത്രമല്ല അനുഭവിക്കുവാൻ കഴിയുന്നത്, മറ്റുള്ളവർക്കും നമ്മിലൂടെ അത് അനുഭവപ്പെടുകയും ചെയ്യുന്നു.



# മണ്ഡലകാലം

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

**കേ**രളത്തിൽ ഇപ്പോൾ മണ്ഡലകാലമാണ്. മൂന്നു മാസം വ്യതശുദ്ധിയോടെ ശബരീശനെ തൊഴുതു വണങ്ങി, സർവ്വപാപപുണ്യങ്ങളും, ഇരുമുടിക്കെട്ടുകളിലേന്തി, ശബരീശ തൃപ്പാദത്തിൽ അർപ്പിച്ച് ഒരു പുണ്യകാലത്തിന്റെ സമാപ്തി കുറിച്ച് പടിയിറങ്ങുന്ന അയ്യപ്പഭക്തന്മാർ, വരുന്ന മണ്ഡലകാലത്തിന്റെ സ്മൃതിയും പേറി, തന്റെ ഭവനങ്ങളിലേക്കു മടങ്ങി വരുന്ന ദിവ്യാനുഭൂതിയുടെ സുവർണ്ണകാലമാണ് മണ്ഡലകാലം. ഈ മണ്ഡലകാലവും അങ്ങനെ കടന്നു വന്നിരിക്കുകയാണ്.

## സ്വാമിയേ ശരണമയ്യപ്പാ

ഈ പുണ്യകാലവും, ശബരീശ ദർശനവും അതിന്റെ അത്യന്തികയുക്തിയും നമുക്കൊന്നു പരിശോധിക്കാം.

**പുണ്യകാലം** – സുഖവും, ശാന്തിയും ഉണ്ടാകുന്നകർമ്മം ചെയ്യുന്ന സമയം
**ശബരീശ ദർശനം** – ഏറ്റവും ഔന്നത്യത്തിൽ വസിക്കുന്ന ഭഗവാന്റെ ദർശനം.
**സ്വാമി** – ഈശ്വരൻ (പരമാത്മാവ്).
**അയ്യപ്പൻ** – അഹഃത്തിന്റെ അധിപൻ (ആത്മാവ്)
**ശാസ്താവ്** – എല്ലാ ശാസ്ത്രസാരവും അറിയുന്നവൻ (പരമാത്മാവ്)
**ഇരുമുടിക്കെട്ട്** – ആത്മാവിന്റെ പാപപുണ്യക്കണക്ക്
**കറുപ്പ് വസ്ത്രധാരി** – ഈ കലിയുഗ ജീവിതപ്പാതയിൽ കറുത്ത് മലീമസമായി മാറിയതിന്റെ പ്രതീകം.
**കലിയുഗവരദൻ** – ഈ കലിയുഗ സങ്കടത്തിൽ നിന്നും മോചിപ്പിക്കുന്നവൻ
**മണികണ്ഠൻ** – ആത്മാവിന്റെയും പരമാത്മാവിന്റെയും അറിവ് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്നവൻ
**മാളികപ്പുറം** – അനുയോജ്യ പുരുഷനെ പ്രതീക്ഷിച്ചു കഴിയുന്നവൾ (ശരീരം)
**പുലിപ്പാൽ** – അത്യപൂർവ്വമായി കിട്ടുന്നത്/ദിവ്യദൃഷ്ടിയിലൂടെ മാത്രം സാധ്യമാകുന്ന അത്ഭുത രഹസ്യം
**18 പടി** – ആത്മാവ് വരികയും പോവുകയും ചെയ്യുന്ന വീഥി. പഞ്ചതത്വം (5) പഞ്ചഭൂതം (5) പഞ്ചേന്ദ്രിയം (5) ആത്മാവിലെ സൂക്ഷ്മ ഇന്ദ്രിയം (മനസ്, ബുദ്ധി, സംസ്ക്കാരം) (3)
**സ്ത്രീകൾക്ക് പ്രവേശനമില്ല** – ഈശ്വരവാസസ്ഥാനത്ത് വസിക്കാൻ ലൗകീകതയ്ക്ക് അവകാശമില്ല.
**അയ്യപ്പജ്യോതിദർശനം** – ആത്മാവും, പരമാത്മാവും ജ്യോതിർബിന്ദു സ്വരൂപമാണെന്ന തിരിച്ചറിയൽ.
**തത്വമസി** – സർവ്വ ഗുണ സമ്പന്നനായ, പൂജനീയനായ ദേവത തന്റെ തന്നെ പൂർവ്വ കാലത്തിന്റെ സ്മൃതി ഉണർത്തുന്ന സ്മാരകമാണെന്നുള്ള പരമരഹസ്യം.



# പൊരുൾ തേടുമ്പോൾ..

**ബി.കെ.സുഭാഷ്, മൗണ്ട് ആബു**

ഒരിക്കൽ സനകാദികൾ വിഷ്ണു ദർശനത്തിനായ് വൈകുണ്ഡത്തിലെത്തുകയുണ്ടായി. ആ സമയം വിഷ്ണു യോഗനിദ്രയിലായതു കൊണ്ട് വിഷ്ണു പാർഷദൻമാരായ ജയ–വിജയന്മാർ അവരെ തടഞ്ഞു നിർത്തുകയുണ്ടായി. ഭക്തന് ഭഗവത് ദർശ്ശനത്തിന് അനുവാദം ആവശ്യമില്ലെന്നായി സനകാദികൾ. ഭഗവാന്റെ കാവൽക്കാരാണ് തങ്ങൾ എന്ന് ജയ–വിജയന്മാരും. ഒച്ചയും ബഹളവും കേട്ട് വിഷ്ണു യോഗനിദ്രയിൽ നിന്ന് ഉണർന്ന് വന്നപ്പോൾ കേട്ടത് സനകാദികളുടെ ശാപസ്വരമായിരുന്നു. തങ്ങളെ തടഞ്ഞ ജയ–വിജയന്മാർ അസുരന്മാരായി പോകട്ടെ എന്ന് ശപിച്ച് കത്തുന്ന കണ്ണുകളുമായി നിൽക്കുന്ന സനകാദികളോട് വിഷ്ണു ജയ–വിജയന്മാരെ ശാപമുക്തരാക്കുവാൻ ആവശ്യപ്പെട്ടു. കൊടുത്ത ശാപത്തെ തിരിച്ചെടുക്കാനാകാത്തതുകൊണ്ട് അതിനെ മറ്റൊരുവഴിയിലേക്ക് തിരിച്ചു വിടാം എന്നായി സനകാദികൾ. ഒന്നുകിൽ മൂന്നു ജന്മങ്ങൾ അസുരന്മാരായി ജനിച്ച്, ശത്രു ഭാവത്തിൽ ഭഗവാനെ ഓർമ്മിച്ച്, ശത്രുവിനോടെന്നവണം കർമ്മങ്ങൾ അനുഷ്ഠിച്ച്, മൂന്ന് ജന്മങ്ങൾ കൊണ്ട് വിഷ്ണു പാദത്തിലെത്തിച്ചേരാം. അതല്ലായെങ്കിൽ ഏഴു ബ്രാഹ്മണ ജന്മങ്ങൾ എടുത്ത് ശുദ്ധ ഭക്തി അനുഷ്ഠിച്ച് വിഷ്ണു പദത്തിലെത്തിച്ചേരാം... ശാപത്തിൽ ഭയന്ന് വിറങ്ങലിച്ചു നിന്ന ജയ–വിജയന്മാർ തിരഞ്ഞെടുത്തത് ആദ്യ വഴിയായിരുന്നു.

ഒരു കഥയിൽ കവിഞ്ഞ് ചിന്തയ്ക്ക് ഏറെ അവസരം ഒരുക്കുന്ന ഇവിടെ ആചാര്യന്മാർ. ഒന്നാമതായി, ഈശ്വര ചിന്തയിൽ ഇരിക്കുന്ന അല്ലെങ്കിൽ ഈശ്വരനിലേക്ക് ചുവടു വയ്ക്കുന്ന വ്യക്തികളെ തടയുക എന്നാൽ തികച്ചും ആസുരീകമായ കർമ്മം തന്നെയാണ്. കാരണം വിശ്വം ചമച്ച ഭഗവാന് എല്ലാവരോടും ഒരേ ബന്ധമാണ് ഉള്ളത് ഒരേ ബന്ധുത്വം ആണ് ഉള്ളത്. എന്തുകൊണ്ടെന്നാൽ ഈശ്വരൻ എല്ലാവർക്കും മാതാവും പിതാവും സഖാവും എല്ലാം എല്ലാമാണ്.

മറ്റൊരു വിധത്തിൽ ചിന്തിക്കുമ്പോൾ, നമ്മുടെ മനസ്സിൽ ശത്രുത നാമ്പെടുക്കുമ്പോൾ നമ്മുടെ ഉള്ളിൽ ബന്ധുത്വവും സ്നേഹവും എല്ലാം തന്നെ ഇല്ലാതെയാകും. നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവർക്കായി നമ്മൾ ഹൃദയത്തിൽ ഒഴിച്ചിട്ടിരുന്ന സ്ഥാനം പോലും ശത്രുകവർന്നെടുത്ത് അവിടെ കയറിയിരിക്കും. അതിന്റെ ഉദാഹരണങ്ങളാണ് ജയ–വിജയന്മാരുടെ ആസുരീക ജന്മങ്ങളായ ഹിരണ്യാക്ഷനും ഹിരണ്യകശിപുവും, രാവണനും കുംഭകർണ്ണനും, ശിശുപാലനും ദന്തവക്രനും. ഇവരുടെയെല്ലാം സ്വപ്നങ്ങളിൽ പോലും ഭഗവാൻ ഉണ്ടായിരുന്നു, ശത്രുഭാവത്തിൽ ആയിരുന്നു എന്ന മാത്രം. അതിനാൽ ഈശ്വരന്റെ സ്നേഹമോ, പാലനയോ അവർക്ക് അനുഭവിക്കാൻ ആയില്ല എന്നു മാത്രമല്ല, ഒരുപാടു പേരുടെ സാധനയ്ക്ക്, തപസ്യക്ക് ഭംഗം വരുത്തുന്നതിനും അവരുടെ കർമ്മങ്ങൾ കാരണമായി.

അതുകൊണ്ട് നമ്മുടെ ഉള്ളിൽ ശത്രുക്കൾ ഉണ്ട് എങ്കിൽ അവരെ ഇല്ലായ്മ ചെയ്യുക. കാരണം ശത്രുത ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നതും സ്നേഹബന്ധങ്ങളെ ഇല്ലായ്മ ചെയ്യുന്നതുമാണ്. അതിനാൽ സ്നേഹിക്കുക. ഇതിന്റെ ഒരു ഉദാഹരണമായി ഒരു ചെറുകഥ പറയാം.

ഒരിക്കൽ ശ്രീ കൃഷ്ണന്റെ കയ്യിൽ ഒരു അത്ഭുത കണ്ണാടി കിട്ടുകയുണ്ടായി. അതിൽ നോക്കിയാൽ താൻ ഏറ്റവും അധികം സ്നേഹിക്കുന്ന, ഓർമ്മിക്കുന്ന ആളെ കാണാം എന്നതായിരുന്നു ആ കണ്ണാടിയുടെ സവിശേഷത. അതിൽ നോക്കിയ സുഭദ്ര അർജ്ജുനനെ കണ്ടു. അർജ്ജുനൻ കൃഷ്ണനെ കണ്ടു. എന്നാൽ കൃഷ്ണൻ നോക്കിയപ്പോഴോ... പാണ്ഡവരും സുഭദ്രയും കൃഷ്ണന്റെ ഭാര്യമാരും എല്ലാവരും കണ്ണാടിയിൽ തെളിയുന്നത് ആരെ എന്നു കാണുവാൻ ആകാംക്ഷാ ഭരിതരായി നിന്നപ്പോൾ അവരെയെല്ലാം അത്ഭുതത്തിൽ ആഴ്ത്തിക്കൊണ്ട് അതിൽ തെളിഞ്ഞ രൂപം സാക്ഷാൽ ശകുനിയുടേതായിരുന്നു. ഉറക്കത്തിൽപ്പോലും കൗരവ വിജയത്തിനായി കൊതിച്ചിരുന്ന ശകുനി, പാണ്ഡവരുടെ ആണിക്കല്ലായ കൃഷ്ണനെ എങ്ങനെ ഇല്ലായ്മ ചെയ്യാം എന്ന ചിന്തയിലായിരുന്നു ഏറ്റവും കൂടുതൽ സമയം ചെലവഴിച്ചിരുന്നത്. ശത്രുത പുലർത്തുന്നവരെപോലും മിത്രങ്ങളിലുമുപരി സ്നേഹിക്കുവാനായതാണ് ശ്രീ കൃഷ്ണന്റെ മഹത്വം ശത്രുതയ്ക്കും മത–മാത്സര്യങ്ങൾക്കും എതിരേ ഒരൊറ്റമൂലി പ്രയോഗം പോലെ മഹാനായ ഭക്ത കവിയായ പൂന്താനത്തിന്റെ വരികൾ നമുക്ക് ഒന്നു ശ്രവിക്കാം...

കൂടിയല്ല പിറക്കുന്ന നേരത്ത്
കൂടിയല്ല മരിക്കുന്ന നേരത്ത്
മധ്യേ ഇങ്ങനെ കാണുന്ന നേരത്ത്
മത്സരിക്കുന്നതെന്തിനു നാം വൃഥാ.



# മൂല്യങ്ങൾ
## സുവർണ്ണ യുഗത്തിന്റെ മുഖമുദ്ര

ടി.എൻ.കെ. വർമ്മ, കൊച്ചി

ശ്രീകൃഷ്ണൻ ഒരു ഹിന്ദു ആയിരുന്നോ എന്ന് ഒരു ലൗകീക സംഗമത്തിൽ ഒരു സഹോദരനോട് ഞാൻ ചോദിച്ചു. അല്ല എന്ന് മറുപടി കിട്ടി. ഭഗവദ്ഗീത ഹിന്ദു മതത്തിന്റെ ആദ്ധ്യാത്മിക ഗ്രന്ഥമല്ലേ എന്ന് ഞാൻ. അതെ എന്ന് മറുപടിയും കിട്ടി. അപ്പോൾ ഗീത ഉച്ച രിച്ചതായി അറിയപ്പെടുന്ന ശ്രീകൃഷ്ണനല്ലേ ആദ്യത്തെ ഹിന്ദു എന്ന് ഞാൻ പ്രതികരിച്ചു. ഇത് വലിയ ആശയ കുഴപ്പമുണ്ടാക്കി. ഹിന്ദുമതം മറ്റ് മതങ്ങളെപ്പോലെയല്ല അത് ഒരു ജീവിതരീതിയാണെന്ന് ഒരാൾ അഭിപ്രായ പ്പെട്ടു. ഹിന്ദു എന്ന പേര് (ഹിന്ദുക്കുഷ് പർവ്വതത്തിന പ്പുറം വസിക്കുന്നവർ എന്ന അർത്ഥത്തിൽ) പുറമെ നിന്ന് വന്നവരാണ് കൊടുത്തതെന്നും കൂട്ടിചേർത്തു. അങ്ങിനെയാണെങ്കിൽ മറ്റൊരു രീതിയുടെയും സ്വാധീനത്തിൽ വരാത്ത ഒരു ജനതയായിരുന്നു അവിടെ വസിച്ചിരുന്നതെന്നർത്ഥം. ഇന്ന് സ്വയം ഹിന്ദുക്കളെന്ന് വിളിക്കുന്നവർ എന്താണ് സ്വധർമ്മ മായി കാണുന്നത്, അതിൽ മൗലീകമായ വ്യത്യാസ മൊന്നും (മൂല്യശോഷണം, രാഷ്ട്രീയ സ്വാധീനം, ജനസംഖ്യയിൽ വർദ്ധന എന്നിങ്ങനെ കാലകാല മായി വരുന്ന മാറ്റങ്ങളല്ലാതെ) വന്നിട്ടില്ലെന്ന് വിചാരി ക്കാം. എന്നിരുന്നാലും ഭീകരവാദം, ലോകമഹായുദ്ധം, സുഖലോലുപത എന്നിവയുടെ പ്രഭാവം കാരണം സകാരാത്മകതയെക്കാൾ നകാരാത്മകതയ്ക്കാണ് മുൻതൂക്കം എന്നതാണ് സത്യം. എന്താണ് ഹിന്ദു മതത്തെ മറ്റ് മതങ്ങളിൽ നിന്ന് വേർതിരിച്ച് നിർത്തു ന്നത്? പെട്ടെന്ന് പറയാവുന്ന അഹിംസ, സഹി ഷ്ണുത, സാഹോദര്യം, കൂടാതെ മനുഷ്യരെ മാത്രമല്ല, മൃഗങ്ങളെയും പ്രകൃതിയെയും ബഹുമാനിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക, വസുധൈവകുടുംബ കം, വന്ദേമാതരം, സത്യമേവജയതേ എന്നീ മഹദ്വചനങ്ങൾക്ക് പരമോന്നതസ്ഥാനം, മുതിർന്ന വരോട് ആദരവ് എന്നിങ്ങനെ നീണ്ടുപോകുന്ന ഒരു ലിസ്റ്റ്ആണ് മുന്നിൽ വരുന്നത്. ലോകത്തിൽ മറ്റൊരു രാജ്യത്തിനും അവകാശപ്പെടാൻ പറ്റാത്ത പലമൂല്യങ്ങളും ഭാരതത്തിന് സ്വന്തമായിട്ടുണ്ട്. ഓരോ ഗുണങ്ങൾക്കും, ശക്തികൾക്കും, ദൈവീക പരിവേഷം കൊടുത്തിട്ടുണ്ട് എന്ന് മാത്രമല്ല പൂജാ രൂപത്തിൽ ജനങ്ങളെ സദാ ഓർമ്മിപ്പിച്ചുകൊണ്ടി രിക്കുകയും ചെയ്യുന്ന അവരുടെ ജീവിതരീതി മറ്റാർക്കും അവകാശപ്പെടാൻ ആവില്ല. പക്ഷെ ചരിത്രവും ഐതീഹ്യവും തമ്മിൽ വന്ന പൊരുത്ത ക്കേട് കാരണം കഥയും കാര്യവും കുഴഞ്ഞു പോയി. സർവ്വഗുണസമ്പന്നനെന്നും മര്യാദാ പുരുഷോത്ത മൻ എന്നും മഹിമയുള്ള ശ്രീകൃഷ്ണൻ ലോകത്തിലെ ഇരുപത് ശതമാനം വരുന്ന ജനങ്ങളുടെ ഇഷ്ട ദേവനാകാൻ കഴിഞ്ഞതിന്റെ പിന്നിലെ രഹസ്യം മനസ്സിലാക്കിയാൽ ഇന്ന് ഹിന്ദുമതമെന്നറിയ പ്പെടുന്ന ജീവിതരീതിയുടെ ഉത്ഭവവും തെളിഞ്ഞു വരും. ഇന്നും ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന ജ്ഞാനസമ്പത്തിന്റെ നിജസ്വരൂപം എന്തായിരുന്നിരി ക്കണം? ഈശ്വരന്റെ മുഖാരവിന്ദത്തിൽ നിന്ന് മാത്രം വരാവുന്ന ജ്ഞാനധാര തന്നെ ആയിരുന്നി രിക്കണം. അതനുസരിച്ച് ജീവിച്ചിരുന്നവർ ദേവ തുല്യരും ആയിരുന്നിരിക്കണം. ചരിത്രത്തിൽ കുറിക്കപ്പെടാത്ത ആ കാലമല്ലേ പുരാണങ്ങളിൽ സത്യത്രേതായുഗങ്ങളായി പ്രകീർത്തിക്കപ്പെട്ടിട്ടു ള്ളത്? അതിലെ ആദ്യ ആരാധ്യ പുരുഷനല്ലേ വൃക്ഷത്തിന്റെ ഇലയിൽ കിടന്ന് പ്രളയ രൂപിയായ സംസാരസാഗരത്തെ കീഴടക്കി കൊണ്ടു വന്ന തായും ചിത്രീകരിക്കപ്പെട്ടിട്ടുള്ള ശ്രീകൃഷ്ണൻ? അവിടെ നിന്നല്ലേ ദേവതാകുലം തുടങ്ങിയത്? അവരല്ലേ ഇന്നത്തെ ഹിന്ദുധർമ്മത്തിന്റെ മുൻഗാമി കൾ? ചർച്ച തുടങ്ങിയപ്പോൾ ഉണ്ടായിരുന്നതിൽ കൂടുതൽ പേർ ഈ സംഭാഷണത്തിൽ ശ്രദ്ധിക്കു വാൻ തുടങ്ങിയെന്ന് എനിക്ക് മനസ്സിലായി. ഒരാൾ ചോദിച്ചു, സത്യത്രേതാ യുഗങ്ങൾ തുടങ്ങിയെന്നോ അവസാനിച്ചെന്നോ വ്യക്തമാക്കാൻ പറ്റുമോ എന്ന്. ഞാൻ പറഞ്ഞു സ്വർഗ്ഗമെന്നും, പാരഡൈസ് എന്നും, അല്ലാഹുവിന്റെ പൂന്തോട്ടമെന്നും പല പേരുകളാൽ അറിയപ്പെടുന്ന, പുകഴ്ത്തപ്പെടുന്ന എന്നാൽ ധർമ്മഗ്രന്ഥങ്ങളിലല്ലാതെ മറ്റെങ്ങും പരാമർശിക്കപ്പെടാത്ത ആ സുവർണ്ണ കാലത്തെ ക്കുറിച്ച് ഉള്ള അജ്ഞാനം നമ്മുടെ ഓരോരുത്തരു ടെയും തലയിൽ കെട്ടിവച്ചിട്ടുള്ള വിഴുപ്പു ഭാണ്ഡ മാണ്. അതിറക്കി വച്ച് അലക്കി വെളുപ്പിച്ചാൽ അവി ടെ എത്താനുള്ള വഴിയും മുന്നിൽ തെളിഞ്ഞു വരും. അതൊരു തിരിച്ച് പോക്കായിരിക്കും, അജ്ഞാനാ ന്ധകാരമാകുന്ന കാട്ടിലൂടെ മൂല്യപോഷണമാകുന്ന സർച്ച് ലൈറ്റ് കാണിച്ചു തരുന്ന വഴിയിലൂടെയുള്ള പ്രയാണം. അപ്പോൾ ശ്രീകൃഷ്ണന്റെ യഥാർത്ഥ മഹിമയും മനസ്സിലാകും, ആ സുവർണ്ണ കാലത്തെ കുറിച്ചുള്ള സംശയങ്ങൾ സമാപ്തമാകുകയും ചെയ്യും.

# നിദ്ര

ബി.കെ. അനിൽ, തിരുവനന്തപുരം



നിദ്രയും ഒരു കലയാണ്. അതിലുമ് ഒരു സുഖം. കലയെന്നാൽ തനിക്കും മറ്റുള്ളവർക്കും ഉന്മേഷവും സന്തോഷവും പകരുന്ന ഒരു വിശേഷതയാണ്. അതുപോലെ നിദ്ര ശാരീരികവും മാനസികവുമായ ഉണർവ്വുംഉത്സാഹവുംനിലനിൽക്കുന്നതിന്ഉപകരിക്കുന്നു. ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളുടെ സമന്വയത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. എന്നാൽ ഉറക്കം അധികമാകരുത്. അല്പവുമാകരുത്. രണ്ടും ശാരീരികമായും മാനസികമായും ദോഷം ചെയ്യും. ഉറക്കം എന്ന് കേൾക്കുമ്പോൾ തന്നെ ഉറക്കം വരുന്ന ചിലരുണ്ട്. പഴയ കാലത്ത് അമ്മമാർ കുട്ടികളെ താരാട്ടു പാടിയുറക്കുമായിരുന്നു. ആ താരാട്ടിന്റെ സുഖം നുകർന്ന് ഉറക്കത്തിലേയ്ക്ക് വഴുതിവീഴുമായിരുന്നു. ഈ കലിയുഗത്തിൽ സാഹചര്യങ്ങൾ മാറി. ശകാരിച്ചും ശപിച്ചുമായിരിക്കും പലരും ഉറക്കത്തിലേയ്ക്ക് പോകുന്നതും അയയ്ക്കുന്നതും.

മറ്റ് കലകളിലെന്നപോലെ പല താളപ്പിഴകളും നിദ്രയാകുന്ന ഈ കലയിലും കാണപ്പടുന്നു.

### *ചില താളപ്പിഴകൾ*

കൂർക്കം വലി : അന്യരുടെ ഉറക്കം കെടുത്തുന്ന ഒന്നാണിത്. സാധാരണ ഉറങ്ങുന്ന സമയത്ത് നമ്മുടെ മാംസപേശികൾക്ക് അയവ് വരുന്നു. എന്നാൽ കഴുത്തിലെ പേശികൾക്ക് കൂടുതൽ അയവ് വരുകയാണെങ്കിൽ ശ്വാസത്തിന് നേരിയ തടസ്സം ഉണ്ടാകുന്നു. ശ്വാസം എടുക്കുന്ന ശ്വാസം കണ്ഠത്തിലെ അയവു വന്ന കോശജാലങ്ങളിലൂടെ കടക്കുമ്പോഴാണ് കൂർക്കംവലി ശബ്ദം ഉണ്ടാകുന്നത്. അലർജിയോ, ആസ്മയോ, നാസികയിലെ തകരാറുകളോ ആണ് മറ്റ് കാരണങ്ങൾ. നാർക്കോലെപ്സി: പകൽസമയത്തെ ഉറക്കച്ചടവ് അഥവാ ഉറക്കം തൂങ്ങലാണിത്. ചിലർ പെട്ടെന്ന് ഹ്രസ്വമായൊരു ഉറക്കത്തിലേയ്ക്ക് വഴുതി വീഴും, ഉടൻ ഉണരുകയും ചെയ്യും. ഇരുന്നോ, എവിടെയെങ്കിലും ചാരി നിന്നോ ഉറങ്ങിക്കളയും. പകൽ സയത്തെ കൊച്ചു കൊച്ചു ഉറക്കങ്ങൾ ഇങ്ങനെയുള്ളവരെ അല്പ സമയത്തേക്ക് ഉന്മേഷഭരിതമാക്കുന്നു. ജനിതകമോ പാരിസ്ഥിതികമോ ആയ കാരണങ്ങളാണ് ഇതിനു പിന്നിൽ. പേടിസ്വപ്നം : ചിലർ ഭീതിജനകമായ സ്വപ്നങ്ങൾ കാണുകയും അലറി വിളിക്കുകയും ചെയ്യുന്നു. ഉണർന്നയുടൻ ആ സ്വപ്നം ചിലപ്പോൾ മറന്നുപോകുകയും ചെയ്യുന്നു. മാനസിക സമ്മർദ്ദങ്ങളോ, ഉത്കണ്ഠയോ, ചില മരുന്നുകളോ ഇതിന് കാരണമാകുന്നു. സ്വപ്നം ഏതുമാകട്ടെ, അത് കാണുമ്പോൾ മസ്തിഷ്കം ഉണർന്നിരിക്കുന്നതിനേക്കാൾ പ്രവർത്തിക്കുന്നു. അതിനാൽ സ്വപ്നങ്ങൾ ഇല്ലാത്ത അവസ്ഥയാണ് ഏറ്റവും നല്ലത്. നിദ്രാടനം : ചിലർ നിദ്രാവസ്ഥയിൽ എഴുന്നേറ്റ് പല പ്രവർത്തികളും ചെയ്യുന്നു. ചിലർ നടന്ന് നടന്ന് വീട് വിട്ട് പോയ്ക്കളയുന്നു. പാദ ചാഞ്ചല്യം : ചിലർ ഉറക്കത്തിൽ കാലുകൾ ചക്രഗതിയിൽ ചലിപ്പിച്ചുകൊണ്ടിരിക്കും. മുഖ്യമായി മസ്തിഷ്ക സംബന്ധമായ തകരാറുകൾ, ചില മരുന്നുകളുടെ ഉപയോഗം, ഇരുമ്പിന്റെ കുറവ് തുടങ്ങിയവ ഇതിന്റെ കാരണങ്ങളായി കണക്കാക്കപ്പെടുന്നു.

### *ചില വ്യത്യസ്തമായ നിദ്രകൾ*

നാട്യ നിദ്ര : ചിലർ ഉറക്കം നടിക്കുന്നു. രക്ഷപ്പെടലിനു വേണ്ടി ഒരു ഉപായമായി ഇങ്ങനെ ചെയ്യുന്നു. ആര് വിളിച്ചാലും എത്ര വിളിച്ചാലും ഉണരാൻ പ്രയാസമാണ്. കൂടിയാൽ അർദ്ധ ബോധാവസ്ഥ വരെ മാത്രമേ ഉണരുകയുള്ളൂ. ഉറങ്ങിപ്പോയാലും ഉണർന്നിരിക്കുകയാണെന്ന് ഭാവിക്കുന്നവരുമുണ്ട്. അല്പമൊന്ന് ഉറങ്ങിപ്പോയാലും ഉടൻ കൈയ്യോ കാലോ ചലിപ്പിച്ച് ദീർഘശ്വാസമെടുത്തും, ഇടതും വലതും നോക്കിയും താൻ ഉറങ്ങിയിട്ടില്ല എന്ന് വരുത്തിത്തീർക്കും. അജ്ഞാന നിദ്ര ജീവിതം അർത്ഥവത്താകുന്ന നിമിഷങ്ങൾ ഞാൻ "എന്നെ" അറിയുന്ന നിമിഷങ്ങളാണ്. എന്നെ ഞാൻ അറിയുന്നില്ലെങ്കിൽ ഞാൻ അജ്ഞാനത്തിന്റെ നിദ്രയിലാണ്. അജ്ഞാനത്തിന്റെ നിദ്രയിലാണു ജീവിതത്തിലാണെങ്കിൽ അതിലും കൂർക്കം വലി, നാർക്കോലെപ്സി, പേടിസ്വപ്നങ്ങൾ,നിദ്രാടനം,പാദചാഞ്ചല്യംതുടങ്ങിയ താളപ്പിഴകൾ ഉണ്ടാകും.

ജീവിതത്തിന്റെ ശ്വാസം സന്തോഷമാണ്. അജ്ഞാനത്തിന്റെ നിദ്രയിൽ സന്തോഷമാകുന്ന ശ്വാസത്തിന് തടസ്സം നേരിടുന്നു. അതിന്റെ കൂർക്കംവലി ശബ്ദം അതായത് അപസ്വരങ്ങൾ മറ്റുള്ളവരുടെയും ഉറക്കം

ശേഷം 18-ാം പേജിൽ



# ആരോഗ്യകരമായ ജീവിതത്തിന്

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

എന്തുകൊണ്ട് ശാന്തി കിട്ടുന്നില്ല? മനസ്സിന്റെ പ്രക്ഷുബ്ധാവസ്ഥയെ നിയന്ത്രിക്കാനാവുന്നില്ല. ദുഃഖത്തിനാണ് സ്ഥായീഭാവം എന്തുകൊണ്ട്? എന്തിലും ഏതിലും അതൃപ്താവസ്ഥ. ഇതിനൊക്കെ അറുതി എന്നാണുണ്ടാവുക ഭഗവാനേ!

തൽക്കാലം ചോദ്യോശരങ്ങൾ വന്നുകൊണ്ടേയിരിക്കും. നമ്മുടെ മനസ്സിന്റെ നിറവ് പ്രശ്നങ്ങളിലാണ്. എത്ര ചോദിച്ചാലും പറഞ്ഞാലും തീരാത്ത അവസ്ഥ. നമുക്കും ഈ ലോകത്ത് അല്പമെങ്കിലും സമാധാനം ശാന്തി, സന്തോഷം തൃപ്തി ഇതൊക്കെ കൈവരിക്കേണ്ടേ? ദാ... അതിനൊരു പൊടിക്കൈ.. തൽക്കാലം രോഗത്തിന്നാശ്വാസം കിട്ടും. സമ്പൂർണ്ണ രോഗമുക്തി പതുക്കെ പതുക്കെ കൈവരിക്കാം.

രോഗി ഒരു ഡോക്ടറെ കാണുന്നതെന്തിനാണ്? രോഗിക്ക് രോഗത്തിന്റെ അനുഭവമുണ്ട്. എന്നാൽ ഏതു രോഗമാണ് ഗ്രസിച്ചിരിക്കുന്നത്, അതിനുള്ള ഔഷധമെന്താണ് ഇതൊന്നും അറിയില്ല. അപ്പോൾ രോഗ നിർണ്ണയവും ആ രോഗത്തിനുള്ള മരുന്നുകളും ഡോക്ടർ നിർദ്ദേശിക്കണം. നമുക്കിപ്പോൾ വൈദ്യനാഥനായ സാക്ഷാൽ ഈശ്വരനെയാണ് കാണേണ്ടത്. മനസ്സിന്റെ രോഗമാണ് ഈ ഡോക്ടർ ചികിത്സിക്കുന്നത്. അതു മാറുമ്പോൾ ശാരീരികാരോഗ്യവും കിട്ടും.

മനുഷ്യന് തന്റെ മാനുഷിക മൂല്യങ്ങൾ നഷ്ടമാകുമ്പോഴാണ് ആസുരീയത്വം പിന്നെ അതിനുമപ്പുറത്തുള്ള രാക്ഷസീയത്വം സംജാതമാകുന്നത്. ഈ മനുഷ്യർ തന്നെ ഗുണങ്ങളും ശക്തികളും ഉൾക്കൊണ്ടാൽ ദേവനുമാകും. സ്വഭാവ സംരക്ഷണത്തിന് ഗുണങ്ങളും ശക്തികളും അത്യന്താപേക്ഷിതമാണ്. സ്നേഹം, ശാന്തി, ശക്തി, ദയ, ക്ഷമ, നമ്രത, പരസ്പര ബഹുമാനം, സന്തോഷം അങ്ങിനെ നീളുന്ന ഗുണങ്ങളുടെ പട്ടിക. സഹനശക്തി, തിരിച്ചറിയാനുള്ള ശക്തി, നേരിടാനുള്ള ശക്തി, ഉൾക്കൊള്ളാനുള്ള ശക്തിമുതലായവയവാണ് ശക്തികളുടെ പട്ടിക.

ഇനി ഏറ്റവും പ്രധാനമായ ഒരു സത്യം 'ഞാൻ ആരാണ്' എന്നതാണ്. തലയ്ക്കു ഒരടി കിട്ടി ശരീരം സ്തംഭിച്ചു കിടക്കുന്നവന് ശരീരത്തിൽ എണ്ണയിട്ടു തിരുമ്മിയിട്ടു കാര്യമില്ല. അറിഞ്ഞു ചികിത്സിക്കണം. ശാരീരികമായി അനവധി വ്യാധിക്കടിമയാണ്. എല്ലാ ഭാഗ്യവുമുണ്ട്, അനുഭവയോഗമില്ല. മനസ്സിനെ ദുർബലമാക്കാൻ മറ്റെന്തു വേണം? ഇവിടെ ചികിത്സ മനസ്സിനാണ് നൽകേണ്ടത്. മനസ്സിനു ബലം നൽകലാണ് ആദ്യവിധി. ശാരീരികമായുള്ളതിന് ബാഹ്യമായ പ്രതിവിധികൾ മതി, എന്നാൽ മൂല്യങ്ങൾക്കും ഗുണങ്ങൾക്കും ച്യുതി വരുക – അത്യന്തം നഷ്ടമാണിത് മാനസ്സികമായി. ശാരീരിക ബലം എല്ലാത്തിനുമുള്ള പ്രതിവിധിയല്ല. അപ്പോൾ നമ്മിലുള്ള രണ്ടു പ്രധാന ഘടകങ്ങളെ അറിയണം. ആന്തരിക ശക്തിയായ ആത്മാവിനേയും, ബാഹ്യമായി അതിനെ പൊതിഞ്ഞിരിക്കുന്ന ശരീരത്തേയും. ഇതു രണ്ടും ചേർന്നതാണ് ഞാൻ. അതായത് ആത്മാവ്+ശരീരം=ജീവാത്മാവ്. ആത്മാവാണ് ഞാൻ. നമ്മുടെ ബാഹ്യ ദൃഷ്ടിക്കു ഗോചരമാവാൻ പറ്റാത്തത്ര സൂക്ഷ്മാദി സൂക്ഷ്മമായ ഒരു ജ്യോതിർബിന്ദു. ഒരു കുഞ്ഞു നക്ഷത്രം. ഇതിലാണ് എന്റെ ഗുണങ്ങളും ശക്തികളും പഞ്ചവികാരങ്ങളും ഉൾക്കൊണ്ടിരിക്കുന്നത് കാമ–ക്രോധ–ലോഭ–മോഹ–അഹങ്കാരാദികൾ.

നമ്മിലുള്ള ഗുണങ്ങളും ശക്തികളും ആത്മാവിലും വികാരങ്ങൾ ശരീരത്തിലും ഇപ്പോഴുമുണ്ട്. എന്നാൽ നാം സ്വയം മറന്നതിനാൽ നമ്മിലടങ്ങിയിരിക്കുന്ന ഗുണങ്ങളേയും ശക്തികളേയും മറന്നു. ശരീര ബോധത്തോടെ ജീവിക്കുന്നതിനാൽ അതിലടങ്ങിയിരിക്കുന്ന വികാരങ്ങൾ സജീവത്വത്തോടെ നമ്മുടെ ജീവിതത്തിൽ വിരാജിക്കുകയാണ്. കളയാണ് വളരുന്നത്. യാഥാർത്ഥ്യം ഉൾക്കൊള്ളണം. രോഗത്തിനുള്ള മരുന്നു സേവിക്കണം. നമ്മിലുള്ള – ആത്മാവിലുള്ള ഗുണങ്ങളുടേയും ശക്തികളുടേയും ബലക്ഷയം ഇല്ലാതാക്കണം. അതിന് നമ്മിൽ അന്തർലീനമായിക്കിടക്കുന്ന സ്നേഹവും ശാന്തിയും ശക്തിയുമൊക്കെ പുറത്തെടുത്താൽ മാത്രം മതി. രോഗനിവാരണത്തിന്. ഈ ഗുണങ്ങളൊക്കെ ജീവിതത്തിൽ കൊണ്ടുവരണം. നിർബന്ധമായിത്തന്നെ. ആത്മാവിന്റെ സ്വ–ഭാവങ്ങളാണിതൊക്കെ. ഇതാണ് നമ്മെ രോഗിയാക്കുന്നത്. യഥാർത്ഥ സത്യമെന്തെന്ന് അറിയുക. നമ്മെ (ആത്മാവിനെ) സംരക്ഷിക്കുന്നതിനും നമ്മുടെ കർമ്മങ്ങൾ ചെയ്യാനുമുള്ള ഒരു ഉപകരണം ആണ് ഈ ശരീരം. പഞ്ചേന്ദ്രിയങ്ങൾ ഈ ശരീരത്തിലാണുള്ളത്. ആത്മീയതയ്ക്കുരി

ശേഷം 18–ാം പേജിൽ




ഡോ. വത്സലൻ നായർ, മൗണ്ട് ആബു


***ജീവിതം – അതു പലർക്കും ഒരു പ്രഹേളികയാണ്. ആ വലിയ ചോദ്യചിഹ്നത്തിന്റെ മുന്നിൽ തളർന്നിരിക്കുന്നവർക്കായി ജീവിതത്തിന്റെ തീച്ചൂളയിൽ വാർത്തെടുത്ത അനുഭവങ്ങളുടെ വെളിച്ചത്തിൽ, തന്റെ സ്വതസിദ്ധമായ ശൈലിയിൽ ജീവിതം ആസ്വദിക്കുവാനുള്ള കല നമുക്കായി പങ്കുവയ്ക്കുന്ന ഡോ. വത്സലൻ നായർ. ഹവിസ്സിന്റെ കൂട്ടുകാർക്കായുള്ള ഈ പംക്തിയിൽ നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കൂടി ഉൾപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സഹകരിക്കുമല്ലോ...***

അവർക്ക് എന്നും ഭയമായിരുന്നു. എനിക്കിതറിയില്ല. തെററു ചെയ്യുകയാണെങ്കിൽ വഴക്കു കേൾക്കേണ്ടി വരില്ലേ? പല നല്ല കാര്യങ്ങളും ചെയ്യുന്നതിൽ നിന്നും അവരെ തടഞ്ഞു നിർത്തുന്നതിൽ ഈ മനോഭാവം നല്ല പങ്കു വഹിച്ചു. ഒടുവിൽ, ജീവിത നാടകത്തിൽ ഏകദേശം പകുതിയിലധികം വേഷം ആടിക്കഴിഞ്ഞപ്പോൾ, നിരാശ, അരക്ഷിതാവസ്ഥ ഇവയെല്ലാം അവരെ കാർന്നു തിന്നുവാൻ തുടങ്ങി. ബിരുദാനന്തര ബിരുദധാരിയായ അവർക്ക് എവിടെയാണ് തെററിയത്?

നമ്മുടെ വിദ്യാഭ്യാസം നമുക്ക് തരുന്നത് കുറെ വാക്കുകളും, ഇനിയും അറിയുവാൻ ഏറെയുണ്ടെന്നുള്ള ധാരണയുമാണ്. വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ശരിയായിരിക്കാം. പക്ഷേ, ജീവിതത്തിന്റെ പാഠശാലയിൽ നമുക്ക് വേണ്ടത് മററു ചിലതാണ്. അവിടെ മൗനത്തിനുള്ള പ്രാധാന്യം പലപ്പോഴും വാക്കുകൾക്കുള്ളതിലും അപ്പുറമാണ്. അറിയാവുന്ന കാര്യങ്ങളുടെ പ്രാധാന്യം ഇനിയും അറിയുവാനുള്ളതിനേക്കാളും വലുതാണ്. വിവേകത്തിന്റെ പ്രാധാന്യം അറിവിന്റെ തലങ്ങൾക്ക് കയ്യെത്താവുന്നതിലും ഉയരെയാണ്. ശാസ്ത്രം നമ്മെ കൂടുതൽ കൂടുതൽ സ്പെഷ്യലൈസ്ഡ് നോളഡ്ജിലേയ്ക്ക് നയിക്കുമ്പോൾ, ജീവിക്കുവാൻ, ലോകരുമായി ഇടപഴകുവാൻ നമുക്കാവശ്യം സാമാന്യമായ ബോധവും ശ്രദ്ധയും നിശ്ചയദാർഢ്യവുമാണ്.

ഇവിടെയാണ് നിങ്ങൾക്ക് വിജയിക്കുവാനാകുന്നത്. ജീവിതത്തിൽ നിങ്ങളുടെ അറിവിനല്ല, താത്പര്യത്തിനാണ് പ്രാധാന്യം. നിങ്ങൾ പഠിച്ച വിഷയത്തിലായിരിക്കില്ല ചിലപ്പോൾ നിങ്ങൾക്ക് താത്പര്യം, മറെറാന്നിലായിരിക്കാം. താത്പര്യമുള്ള കാര്യം ചെയ്യൂ, നിങ്ങൾ തീർച്ചയായും വിജയിക്കും. താത്പര്യം ഉണ്ടാകുവാനുള്ള കാരണം എന്താണ് എന്നു മനസ്സിലാക്കിയാൽ ഇതു നിങ്ങൾക്കു ശരിക്കും മനസ്സിലാകും. നമ്മുടെ സംസ്കാരത്തിൽ അഥവാ ഉപബോധമനസ്സിൽ റിക്കോർഡ് ചെയ്തു വച്ചിരിക്കുന്ന വിവരങ്ങളിൽ നിന്നുമാണ് നമ്മുടെ മനസ്സിൽ സങ്കല്പങ്ങൾ ജന്മമെടുക്കുന്നത്. താത്പര്യം ജനിക്കുവാനുണ്ടായ കാരണം ആ കർമ്മം താങ്കൾ മുൻപ് എപ്പോഴോ ചെയ്തതു കൊണ്ടാണ്. ഇന്ന് അതിനുള്ള അറിവ് പ്രത്യക്ഷത്തിൽ താങ്കൾക്ക് ഇല്ലെങ്കിലും ആ അറിവ് താങ്കളുടെ ഉപബോധമനസ്സിൽ ഉറങ്ങിക്കിടപ്പുണ്ട്. ആ കാര്യം വീണ്ടും ചെയ്തു തുടങ്ങുമ്പോൾ ഉറങ്ങിക്കിടക്കുന്ന ആ അറിവ് ഉണരുകയും, ആ കാര്യം ഭംഗിയാകുകയും ചെയ്യും. നോക്കൂ, ഗാന്ധിജി പഠിച്ചത് വക്കീലാകുവാനാണ്, അറിയപ്പെട്ടത് സാമൂഹിക പരിഷ്കർത്താവായിട്ടാണ്.

എന്റെ ജീവിതത്തിലെ ഒരു ചെറിയ സംഭവം കൂടി കുറിച്ചു കൊണ്ട് ഈ വിഷയം വിശദീകരിക്കാം. ഭഗവദ് ഗീതയെക്കുറിച്ച് ഒരു മൾട്ടീ മീഡിയ പ്രസന്റേഷൻ ചെയ്യണം എന്നു തോന്നി. മൾട്ടീ മീഡിയയിൽ എനിക്ക് പ്രത്യേക ശിക്ഷണം ഒന്നും ഇല്ല. വീഡിയോ/ആഡിയോ എഡിററിംഗുകൾ അറിയില്ല. പക്ഷേ, വിജയകരമായി ആ ദൗത്യം പൂർത്തീകരിക്കുവാൻ വേണ്ട അറിവ് സമയാ–സമയം എന്നിലേയ്ക്ക് എത്തിച്ചേർന്നു കൊണ്ടിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ പ്രയാസം തോന്നിയേക്കാം, പക്ഷേ യാഥാർത്ഥ്യം അതാണ്. ഒടുവിൽ, മലയാളത്തിലാദ്യമായി ഭഗവദ് ഗീതയുടെ മൾട്ടീ മീഡിയ പ്രസന്റേഷൻ നടത്തിയതിന്റെ ക്രഡിററും ഈയുള്ളവനു ചാർത്തിക്കിട്ടി. അറിവിന്റെ പുറകെയല്ല, താത്പര്യങ്ങളുടെ പുറകേ പോകൂ. വിജയം നിങ്ങളെത്തേടി വരും.



# സംഗമയുഗത്തിലെ കല്യാണസൗഗന്ധികം

ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

**ഹൈ**ന്ദവ ആചാരക്രമത്തിൽ 12ന് ഒരു പ്രത്യേകത കാണാം. 12 വർഷം കൂടുമ്പോൾ നടക്കുന്ന മഹാകുംഭമേളയും, 12 വർഷം കൂടുമ്പോൾ ആന്ധ്രപ്രദേശിൽ ഗോദാവരി നദിയിൽ കൂടുന്ന പുഷ്കരണിയും, മൈസൂറിൽ ശ്രാവണ ബൽഗോളയിൽ നടക്കുന്ന മഹാമസ്തകാഭിഷേകവും വൃശ്ചികം ഒന്നു മുതൽ ആഘോഷിക്കുന്ന 12 വിളക്കും, പാണ്ഡവരുടെ 12 വർഷത്തെ വനവാസവും, ദ്വാദശ ശിവജ്യോതിർലിംഗങ്ങളും ഇവയിൽ ചിലതു മാത്രം. ഭൂതകാലത്ത് നടന്ന ഏതോ മംഗളകരമായ സംഭവത്തിന്റെ സാക്ഷിപത്രമായി പിൻതലമുറകൾ നൂറ്റാണ്ടുകളായി അതിന്റെ സ്മരണ പുതുക്കുന്നു. പ്രകൃതിയും ഇതിനു സാക്ഷി പറയുന്നതുപോലെ തമിഴ് നാട്ടിലെ ഏർക്കാട്ടും, കൊടൈക്കനാലിലുള്ള കുന്നുകളിലുമെല്ലാം 12 വർഷം കൂടുമ്പോൾ നീലക്കുറിഞ്ഞിപ്പൂക്കൾ നീലക്കമ്പളം പുതച്ചു നിൽക്കുന്നത് കാണാൻ വിദേശികൾ പോലും എത്തുന്നു. കൂടാതെ ചില പുഷ്പദളങ്ങളുടെ 12ന്റെ അടുക്കും ഫലങ്ങളിലെ വിത്തുകളുടെ 12ന്റെ കണക്കും ഏത് ഗണിതശാസ്ത്രജ്ഞനെയും അതിശയിപ്പിക്കുന്നതാണ്.

കോടാനുകോടി തേജോഗോളങ്ങളുള്ള സൗരയൂഥത്തിലെ ഒരു കുഞ്ഞ് കുട്ടിയാണ് ഭൂമി. ഭൂമി സ്വയം കറങ്ങിക്കൊണ്ട് സൂര്യനെ പ്രദക്ഷണം വയ്ക്കുന്നു, 12 മാസം നീളുന്ന ഈ പ്രദക്ഷണ വഴിയിലൂടെ ഭൂമി സഞ്ചരിക്കുമ്പോൾ ഭൂലോക വാസികൾക്ക് വിരസത തോന്നാതിരിക്കാൻ ഇവിടെ കൃത്യമായി ഓരോ 60 ദിവസവും കൂടുമ്പോൾ ഓരോ ഋതു മാറി മാറി ഒരു വർഷത്തിൽ 6 ഋതുക്കളുടെ പുതുമയും അതനുസരിച്ചുള്ള പുഷ്പങ്ങളും ഫലങ്ങളും നമുക്കു ലഭിക്കുന്നതും വിശ്വശില്പിയുടെ കരവിരുതിന്റെ ചെറിയ ഉദാഹരണം മാത്രം. ഭൂമി സൂര്യനെ 5000 പ്രാവശ്യം പ്രദക്ഷണം വച്ചുകഴിയുമ്പോൾ ഹിമവാന്റെ ഉത്തരീയമായ ആരവല്ലിയിൽ ഒരു കല്യാണസൗഗന്ധികം വിടരും. നൂറ് നൂറ് ദിവ്യസുഗന്ധങ്ങളാൽ പ്രത്യക്ഷമാകുന്ന ഈ പുഷ്പം സർവ്വമംഗളദായകമാണ്. ഇതിന്റെ സമീപ്യത്താൽ ഭാരതം ഒരു നാൾ ദേവഭൂമിയായ സ്വർഗ്ഗമായിത്തീരും. ഇതിന്റെ സൗരഭ്യത്താൽ പഞ്ചഭൂതങ്ങൾ സഹിതം സർവ്വ ചരാചരങ്ങളിലും സമൂല പരിവർത്തനമുണ്ടാകുന്നു. ഈ പരിവർത്തനം സൃഷ്ടിയുടെ നിൽനില്പിന് അത്യന്താപേക്ഷിതമാണ്. ഈ വിശ്വനാടകം ഓരോ 5000 വർഷം തോറും പുനരാവർത്തിക്കുന്നതാണ്. കല്പാന്തകാലത്ത് സൃഷ്ടിയിൽ ഒരു ശുദ്ധീകരണം നടക്കുന്നു. 5000 വർഷമാകുമ്പോൾ ഒരു ചതുർയുഗമെന്ന ഒരു കല്പം അവസാനിക്കുകയും അടുത്ത പുതിയ കാലത്തിലേക്കുള്ള പ്രയാണത്തിന് ഭൂമി തയ്യാറെടുക്കുകയും ചെയ്യുന്ന ഇടവേളയ്ക്കാണ് – “മംഗളകാരിയായ പുരുഷോത്തമ സംഗമയുഗം” എന്നു പറയുന്നത്. അതുകൊണ്ട് കല്യാണസൗഗന്ധികം സ്വർഗ്ഗീയ പുഷ്പമായി അറിയപ്പെടുന്നതും ഭീമസേനനെപ്പോലെ ധീരന്മാർക്കു മാത്രമേ ഇത് സ്വായത്തമാക്കാൻ കഴിയൂ എന്നും പറയുന്നത്. ഇത് അപ്രത്യക്ഷമാകുമ്പോഴാണ് അവസരം പാഴാക്കിയതോർത്ത് പശ്ചാത്തപിക്കുകയും ഭാരതം അദ്ധ്യാത്മികതയുടെ പ്രഭവകേന്ദ്രമെന്നും അവതരണഭൂമിയെന്നും ലോകത്തിന്റെ തീർത്ഥാടകേന്ദ്രമെന്നും വിഖ്യാതമാകുന്നതും.



# എന്താണ് സന്തോഷം?

ബി.കെ. രാജേഷ് മോഹൻ, ആലപ്പുഴ

വളരെ സമ്പന്നനായ ഒരാൾ സന്തോഷം കിട്ടുമെന്നു കരുതി പല രാജ്യങ്ങളിലും പോയി നോക്കി. കിട്ടിയില്ല. ലഹരി വസ്തുക്കൾ, സ്ത്രീകൾ എന്നിവയുടെ പിന്നാലെ പോയി നോക്കി. സന്യാസിമാർ സന്തോഷമുള്ളവരാണെന്ന് ആരോ പറഞ്ഞതുകേട്ട് അതും പരീക്ഷിക്കാനുറച്ചു. വീട്ടിലുള്ള രത്നങ്ങളും, മുത്തുകളും സ്വർണവുമെല്ലാം ഭാണ്ഡം കെട്ടി എടുത്തു. ഒരു സന്യാസി ശ്രേഷ്ഠന്റെ പാദങ്ങളിൽ ആ വലിയ ഭാണ്ഡം സമർപ്പിച്ചു പറഞ്ഞു. ഇതെല്ലാം അങ്ങെടുത്തോളൂ. എനിക്കിതൊന്നും ആവിശ്യമില്ല ആനന്ദവും ശാന്തിയും ലഭിച്ചാൽ മതി. സന്യാസി വര്യൻ ധനികന്റെ വാക്കുകളൊന്നും ശ്രദ്ധിച്ചില്ല, ഭാണ്ഡമെടുത്ത് തുറന്നു നോക്കി. കണ്ണഞ്ചിപ്പിക്കുന്ന രത്നങ്ങൾ, വിലമതിക്കാനാവാത്ത മുത്തുകൾ ... സന്യാസി അവയെ വീണ്ടും ഭാണ്ഡമാക്കി തലയിൽ വെച്ച് ഓടാൻ തുടങ്ങി. ധനികൻ നടുങ്ങിപ്പോയി. കഷ്ടം. കള്ളസന്യാസിയാണെന്നറിയാതെ ഇത്രയും സമ്പത്ത് അയാൾക്ക് നൽകിയല്ലൊ എന്ന് ഖേദിച്ചു. അതു കോപമായി മാറി. ധനികൻ സന്യാസിയുടെ പിന്നാലെ ഓടാൻ തുടങ്ങി.

സന്യാസിസിയെപ്പോലെ ഓടാൻ അയാൾക്കാവുന്നില്ല . പലഇടവഴികളിൽക്കൂടി ഓടിക്കൊണ്ടിരുന്ന സന്യാസി ഒടുവിൽ ആദ്യം താനിരുന്ന മരത്തിനു ചുവട്ടിൽ തന്നെ വന്നിരിപ്പായി. പിന്നാലെ ഓടിത്തളർന്ന ധനികനും അവിടെ എത്തിച്ചേർന്നു. സന്യാസി അയാളോട് പറഞ്ഞു. ഇതാ നിങ്ങളുടെ ഭാണ്ഡം, ഇതെടുത്ത് പൊയ്ക്കോളു, വല്ലാതെ ഭയന്നു പോയി അല്ലേ?

നഷ്ടപ്പെട്ടുവെന്നു കരുതിയ സമ്പത്തെല്ലാം തിരിച്ചു കിട്ടിയപ്പോൾ ആ ധനികനുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. അപ്പോൾ സന്യാസി ഉപദേശിച്ചു. ഇവിടെ വരുന്നതിനു മുമ്പും ഈ സമ്പത്തെല്ലാം നിങ്ങളുടെ കയ്യിലുണ്ടായിരുന്നു. അന്നൊന്നും നിങ്ങൾക്ക് സന്തോഷം തോന്നിയില്ല. ഇപ്പോഴും അതേ സമ്പത്താണ് നിങ്ങളുടെ കയ്യിലുള്ളത്. പക്ഷെ നിങ്ങൾക്കിപ്പോൾ എന്തൊരു സന്തോഷം. ഇതിൽ നിന്നും ഒരു സത്യം മനസ്സിലാക്കണം. പുറത്തല്ല സന്തോഷം തേടേണ്ടത്, നമ്മുടെ ഉള്ളിൽ തന്നെയാണുള്ളത്.


ആ ധനികനെപ്പോലെയാണു നമ്മളിൽ പലരും. സന്തോഷത്തിനുവേണ്ടി നമ്മൾ മറ്റുള്ളവരെ ആശ്രയിക്കുന്നത് ഇതുകൊണ്ടാണ്.

മേലുദ്യോഗസ്ഥൻ സബാഷ്, നീ നന്നായി ജോലി ചെയ്യുന്നു എന്ന് പുകഴ്ത്തിയാൽ നാം സന്തോഷത്തിൽ മുഴുകും. അതേ മേലധികാരി ഒന്നു കയർത്തു സംസാരിച്ചാൽ മതി, നമ്മുടെ സകല സന്തോഷവും ആ നിമിഷം ഇല്ലാതാവും.

ബോധം കെടും വരെ മദ്യപിച്ച ഒരാൾ തെരുവിൽ വീണു കിടന്നു. കുസൃതിക്കാരനായ ഒരു സുഹൃത്ത് ഇത് കണ്ട് നിങ്ങളുടെ ഭാര്യ ഇന്ന് വൈകുന്നേരം വിധവയായി എന്ന് ആ മദ്യപനോടു പറഞ്ഞു. വേഗം വീട്ടിൽ ചെന്ന് അവരെ ആശ്വസിപ്പിയ്ക്കൂ എന്നു കേട്ടതോടെ ആ കുടിയൻ ഉറക്കെക്കരഞ്ഞുകൊണ്ട് എന്റെ ഭാര്യ വിധവയായല്ലോ എന്നു പറഞ്ഞ് ഉറക്കെ കരയാൻ തുടങ്ങി. നമ്മുടെ അജ്ഞാനം ഈ മദ്യപന്റേതു പോലെയാണ്.

നമ്മുടെ എല്ലാവരുടെയും ഉള്ളിൽ ഇങ്ങനെ ഒരു മദ്യപൻ (അജ്ഞാനം) ഉണ്ട്. ഇല്ലാത്ത പലതും നമ്മെ ദുഃഖത്തിലാഴ്ത്തുന്നു. ഒരു പ്രാധാന്യവും ഇല്ലാത്ത നിസ്സാര സംഗതികൾ നമ്മുടെ സന്തോഷം നശിപ്പിക്കുന്നു.

ലളിതമായി പറഞ്ഞാൽ സന്തോഷം എന്നത് ഒരു പൂട്ടാണ്. അറിവ് എന്നത് ഒരു താക്കോലും അറിവിനെ വിപരീതമായിത്തിരിച്ചാൽ അത് സന്തോഷത്തെ പൂട്ടിയിടും. അതേ താക്കോൽ മറു വശത്തേക്കു തിരിച്ചാൽ സന്തോഷത്തിന്റെ വാതിൽ തുറക്കും.



# ചാതുർവർണ്യം

ചന്ദ്രശേഖരൻ, കൊടുങ്ങല്ലൂർ

ഗീതയിൽ ചാതുർവർണ്യം മയാകൃത്വാ എന്ന് പറഞ്ഞിരിക്കുന്നത് പലപ്പോഴും വളരെ തെറ്റിധാരണ ഉളവാക്കിയിട്ടുണ്ട്. ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയുടെ വെളിച്ചത്തിൽ നമുക്ക് ഈ വിഷയം ഒന്നു വിലയിരുത്തി നോക്കാം.

നാല് വർണ്ണങ്ങൾ – ബ്രാഹ്മണൻ, ക്ഷത്രീയൻ, വൈശ്യൻ, ശൂദ്രൻ ഇവയെയാണ് പ്രതിപാദിക്കുന്നത്. അറിവുള്ളവർ ബ്രാഹ്മണർ, ക്ഷാത്രം കൊണ്ട് ജോലി ചെയ്യുന്നവർ ക്ഷത്രിയർ, മദ്ധ്യവർത്തികളും കൊടുക്കൽ വാങ്ങൽ നടത്തുന്നവരും വൈശ്യർ, ഇതര ജോലികൾ ചെയ്യുന്നവർ ശൂദ്രർ ഇതാണ് സങ്കല്പം. എന്നാൽ ഓരോ മനുഷ്യനിലും ഇതു നാലും ഉണ്ട്. ബ്രാഹ്മണൻ ഉന്നത സ്ഥലത്തിരിക്കുന്നു, ഭരിക്കുന്നു, സൂചനകളോ ആജ്ഞകളോ കൊടുക്കുന്നു അതാണ് ബ്രയിൻ അഥവാ തലച്ചോറ്. സർവ്വ കർമ്മേന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്നത് അഥവാ ഭരിക്കുന്നത് തലച്ചോറാണല്ലോ.

സമൂഹത്തിൽ ഐ.എ.എസ്. ഓഫീസർമാർ ചെയ്യുന്നതും ഇതുതന്നെ ആണ്. ബ്യുറോക്രാറ്റ്സ് എന്ന് വിളിക്കുന്നവർ തലകൊണ്ട് ഭരിക്കുന്നു. ഒരാളുടെ മസ്തിഷ്കം അഥവാ തലക്ക് പരിക്കുപറ്റാൻ സാധ്യതയുണ്ടെങ്കിൽ അത് ഭുജങ്ങൾക്ക് സൂചന നൽകുകയും അവ ആ സാധ്യത തടുക്കുകയും ചെയ്യുന്നു. ഈ ക്ഷത്രിയ ധർമ്മമാണ് ഐ.പി.എസ്./ഡിഫൻസിലുള്ളവർ ചെയ്യുന്നത്. നാട്ടിൽ എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും സമാജത്തിന്റെ ആവശ്യത്തിനനുസരിച്ച് സാധനങ്ങൾ, ധാന്യങ്ങൾ തുടങ്ങിയവയും മറ്റു സാമഗ്രികളും കൊണ്ടുവരികയും ആവശ്യാനുസൃതം വിതരണം ചെയ്യുന്നവരാണ് വൈശ്യർ. നമ്മുടെ ഉദരത്തെ നമുക്ക് ഉദാഹരണമായെടുക്കാം. രക്തത്തിനു വേണ്ടത്, എല്ലുകൾക്ക് വേണ്ടത്, മസ്തിഷ്കത്തിന് വേണ്ടത് വിതരണം ചെയ്യുന്ന കർമ്മം ഇതു നിർവ്വഹിക്കുന്നു. ഇതോടൊപ്പം ആവശ്യമില്ലാത്തതിനെ പുറത്തേയ്ക്ക് തള്ളുകയും ചെയ്യുന്ന പ്രക്രിയ ഇവരുടേതാണ്.


നാലാമത്തേതാണ് ശൂദ്രർ. ആജ്ഞാനുസരണം പ്രവർത്തിക്കുന്ന ആളുകൾ. ഇവർ ചിന്തിക്കുന്നില്ല ചിന്ത മറ്റ് മൂന്നു വിഭാഗത്തിനും കൊടുക്കുന്നു. ഇവർ പ്രവൃത്തിക്കുന്നു എന്നു മാത്രം, അതാണ് കാലുകൾ ചെയ്യുന്നത്.

ഇതിനെ സാമുദായിക തലത്തിലേക്ക് കൊണ്ടുവരികയാണെങ്കിൽ ട്രേഡ് യൂണിയൻ, ഡിഫൻസ്, രാഷ്ട്രീയം, പോലിസ്, ഓഫീസുകൾ ഇവയെല്ലാം പ്രവർത്തിക്കുന്നത് ഈ നിയമം അനുസരിച്ചാണ്. ചിന്തിക്കുന്നവർ കുറച്ചു പേർ, പ്രാവർത്തികമാക്കുന്നവർ കുറച്ചു പേർ, ചെയ്യുന്നവർ കൂടുതൽ പേർ.

കളക്ടർ, ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ തുടങ്ങിയവർ ഭരണനേതൃത്ത്വത്തിലും, ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങിയവർ അതാത് മേഖലകളിലും നേതൃത്വത്തിന്റെ ആജ്ഞകൾ പ്രായോഗികമാക്കാൻ ബാധ്യസ്ഥരാകുന്നു. ഇതിൽ രണ്ടിലും പെടാത്ത ഒരു കൂട്ടർ ബിസിനസ്സ് കമ്യൂണിറ്റി ആയിമാറുന്നു. നാലാമത്തേത് വിദ്യാഭ്യാസയോഗ്യതയില്ലാത്തവരും ആജ്ഞാനുവർത്തികളുടേതുമാണ്. അവർ കൂലിവേലക്കാരും, പട്ടാളക്കാരും, പോലീസുകാരും മറ്റുമായി തീരുന്നു.

ഒരു രാജ്യത്തിനാവശ്യമായ മുഴുവൻ സേവനവും ഇങ്ങനെ നടക്കുന്നു. ലോകം നിലനിൽക്കുന്നിടത്തോളം ഈ അവസ്ഥ നിലനിൽക്കുകയും ചെയ്യും. വിവാഹം പോലും ഈ നിലകളിൽ നിന്ന് തന്നെയാണ് നടക്കുന്നത്. ഐ.എ.എസ് ഓഫീസറുടെ മകൾ ഒരിക്കലും ഒരു ശൂദ്രന്റെ മകനെ മറ്റ് യോഗ്യതകൾ ഇല്ലാത്തവനാണെങ്കിൽ വിവാഹം കഴിക്കില്ലല്ലോ.

എന്നാൽ ഇത് ഭഗവാന്റെ സൃഷ്ടിയാണെന്ന് ഒരിക്കലും പറയാനും സാധിക്കില്ല. ഭഗവാൻ ഒരിക്കലും പക്ഷഭേദക്കാരൻ അല്ല. അവരവരുടെ പൂർവ്വജന്മങ്ങളിലെ കർമ്മത്തിന്റെ കണക്ക് അനുസരിച്ച് ഓരോർത്തർക്കും പ്രാപ്തികൾ ലഭിക്കുന്നു എന്നു മാത്രം.



# അമ്മയുടെ കൈകൾ

സുനിത, പാലക്കാട്

ഒരു യുവാവ് ഒരു വലിയ കമ്പനിയിലേക്ക് മാനേജർ തസ്തികയിൽ ജോലിക്കായി അപേക്ഷ അയച്ചു. അതിന്ശേഷം അദേഹത്തെ ഇന്റർവ്യൂന് വിളിക്കുകയും അദേഹം അത് വിജയിക്കുകയും ചെയ്തു. തുടർന്ന് അവസാനവട്ട നേർകാഴ്ചക്കായി കമ്പനിയിലെ മേലുദ്യോഗസ്ഥനെ കാണുവാൻ പോയി. പഠനകാര്യങ്ങളിൽ മികവ് തെളിയിച്ച ആളാണ് തന്റെ മുന്നിലിരിക്കുന്ന യുവാവ് എന്ന് അദ്ദേഹത്തിന്റെ ഫയൽ പരിശോധിച്ച ഉദ്യോഗസ്ഥന് മനസ്സിലായി. ഉദ്യോഗസ്ഥൻ ചോദിച്ചു താങ്കൾക്ക് പഠിക്കുന്നതിനുവേണ്ടി എന്തെങ്കിലും സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടോ പഠിക്കുന്നതിനെന്ന്? യുവാവ് പറഞ്ഞു ഇല്ല. ഡയറക്ടർ വീണ്ടും അപ്പോൾ താങ്കളുടെ പിതാവാണോ താങ്കളെ പഠിപ്പിച്ചതും ഫീസുകൾ അടച്ചത് പഠനത്തിനായ്. വീണ്ടും യുവാവ് പറഞ്ഞു. എന്റെ ചെറുപ്പത്തിലെ അച്ഛൻ മരിച്ചു പോയി. എന്റെ അമ്മയാണ് എന്നെ പഠിപ്പിച്ചതും എന്റെ പഠനചിലവ് നോക്കിയതുമെല്ലാം. ഡയറക്ടർ: അമ്മ എവിടെയാണ് ജോലി ചെയ്യുന്നത്. യുവാവ് മറുപടിയായി പറഞ്ഞു. എന്റെ അമ്മ ഒരു അലക്കുകാരിയാണ്. ഉടൻ ഡയറക്ടർ യുവാവിന്റെ കൈ കാണിക്കുവാൻ ആവശ്യപ്പെട്ടു. യുവാവിന്റെ കൈ രണ്ടും മൃദുലവും അതിലോലവുമായിരുന്നു. ഉടനെ ഡയറക്ടർ ചോദിച്ചു. താങ്കൾ എപ്പോഴെങ്കിലും അമ്മയെ അലക്കാൻ സഹായിച്ചിട്ടുണ്ടോ? ഇല്ല ഒരിക്കലും ഇല്ല. എന്റെ അമ്മ അതിന് എന്നെ സമ്മതിച്ചിട്ടില്ല എന്നോടെന്നും പഠിക്കുവാനും വായിക്കുവാനും മാത്രമേ പറയാറുള്ളു, യുവാവ് പറഞ്ഞു. ഡയറക്ടർ: എനിക്ക് താങ്കളോടൊരു അപേക്ഷയുണ്ട്. താങ്കൾ വീട്ടിൽ പോയി അമ്മയുടെ ഇരു കൈകളും കഴുകി കൊടുക്കണം. എന്നിട്ട് നാളെ എന്നെ വന്ന് കാണണം. യുവാവ് വീട്ടിൽ ചെന്ന് ഇതെല്ലാം അമ്മയോട് പറഞ്ഞു. അമ്മക്ക് അത്ഭുതമായി എങ്കിലും മനസില്ലാ മനസ്സോടെ രണ്ടു കൈയ്യും നീട്ടി കൊടുത്തു. യുവാവ് നിറകണ്ണുകളോടെ തന്റെ അമ്മയുടെ കൈകൾ കഴുകി കൊടുത്തു. ആദ്യമായാണ് അയാൾ തന്റെ അമ്മയുടെ കൈകളിലെ പാടുകളും മുറിവുകളും മറ്റും കാണുന്നത്. ആ മുറിവിലെ ചിലത് വേദനാജന്യമായിരുന്നു. ഈ കൈ ഉപയോഗിച്ച് വസ്ത്രം അലക്കി കിട്ടുന്ന പണം കൊണ്ടാണ് തന്റെ അമ്മ തന്നെ പഠിപ്പിച്ചത് എന്ന് ആദ്യമായി അയാൾ മനസ്സിലാക്കി. കൈകൾ സാവധാനം കഴുകി കൊടുത്ത ശേഷം യുവാവ് തന്റെ അമ്മയുടെ മറ്റു വസ്ത്രങ്ങളെല്ലാം തന്നെ അലക്കി വെച്ചു. അന്ന് അമ്മയും മകനും രാത്രി കുറേ സംസാരിച്ചാണ് ഉറങ്ങിയത്.

പിറ്റേന്ന് ഡയറക്ടറുടെ ഓഫീസിൽ.
താങ്കൾ ഇന്നലെ എന്തൊക്കെ ചെയ്തു. അതിൽ നിന്ന് എന്താണ് പഠിച്ചത് എന്ന ഡയറക്ടറുടെ ചോദ്യത്തിന് യുവാവിന്റെ കണ്ണ് നിറഞ്ഞിരിക്കുന്നതാണ് അദ്ദേഹത്തിന് കാണാൻ സാധിച്ചത്. യുവാവ് പറഞ്ഞു. ഇന്നലെ അമ്മയുടെ കൈ കഴുകി കൊടുത്തു. തുടർന്ന് അവിടെയുണ്ടായിരുന്ന എല്ലാ തുണികളും അലക്കി വെച്ചു. എന്റെ അമ്മയില്ലായിരുന്നെങ്കിൽ ഞാൻ ഇന്ന് ഒന്നുമല്ല. അമ്മയെ സഹായിച്ചതിലൂടെ ഞാൻ മനസ്സിലാക്കി അധ്വാനത്തിന്റെ വില എന്താണെന്ന്. അധ്വാനിക്കുന്നവനെ കഷ്ടതയുടെ വില അറിയൂ എന്ന്. കുടുംബത്തെ സഹായിക്കുന്നതിന്റെ വില ഞാൻ മനസ്സിലാക്കുന്നു. ഡയറക്ടർ പറഞ്ഞു ഇതാണ് ഞാൻ ഒരു മാനേജറിൽ കാണുന്നത്. മറ്റുള്ളവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും കൂടെ നിൽക്കുന്നവരുടെ പ്രയാസത്തെ മനസ്സിലാക്കുന്ന ഒരാളെയാണ് ഞാൻ കാണുന്നത്. അല്ലാതെ പൈസമാത്രമാണ് ജീവിത ലക്ഷ്യം എന്നല്ല. അതുകൊണ്ട് ഞാൻ നിങ്ങളെ ഈ തസ്തികയിലേക്ക് നിയമിക്കുന്നു. ആ യുവാവ് അധ്വാനിക്കാൻ തുടങ്ങി. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ അവരുടെ പ്രശംസ പിടിച്ചു പറ്റി. എല്ലാവരും ഒറ്റകെട്ടായി പ്രവർത്തിച്ചു. കമ്പനിയുടെ വളർച്ച പെട്ടന്നുണ്ടായി.

ഒരു കുട്ടിക്ക് അവന് സദാ സംരക്ഷണവും അവന്റെ

ആവശ്യവും സദാ നിറവേറ്റി കൊടുത്താൽ അവൻ ഒരുപക്ഷേ എല്ലാത്തിനും മുമ്പിൽ അവനാണ് എന്ന ബോധം ഉടലെടുക്കും. അതിലൂടെ മാതാപിതാക്കളുടെ പ്രയത്നത്തിന്റെ, അധ്വാനത്തിന്റെ വില അവരറിയാതെ വരും. അവൻ ഒരു പ്രവർത്തി ചെയ്താൽ തന്നെ അത് മറ്റെല്ലാവരും കാണണം എന്ന ചിന്ത ഉടലെടുക്കും. അങ്ങനെയുള്ളൊരു വ്യക്തി മാനേജർ ആയാൽ അയാൾക്ക് ഒരിക്കലും മറ്റുള്ളവരുടെ ദു:ഖം, വേദന, പ്രശ്നങ്ങൾ അറിയാതെ വരും.

ഒരു സംരക്ഷിത രക്ഷിതാക്കൾ എന്ന നിലയിൽ നമ്മൾ ശരിക്കും മക്കളെ സ്നേഹിക്കുകയാണോ അതോ അവരെ നശിപ്പിക്കുകയാണോ.

നിങ്ങൾക്ക് കുട്ടികളെ വലിയ മന്ദിരങ്ങളിൽ പാർപ്പിക്കാം. വില കൂടിയ ഭക്ഷണം വാങ്ങി കൊടുക്കാം. പക്ഷേ നിങ്ങൾ പുല്ലു വെട്ടുന്ന സമയത്തെങ്കിലും അവരെയും കൂടെ ചേർക്കണം. അവർ അറിയട്ടെ അതിന്റെ ആ ചെറിയ കഷ്ടതയെങ്കിലും. ഭക്ഷണത്തിനു ശേഷം കഴിക്കുന്ന പാത്രം കഴുകിപ്പിക്കാം. അതിലൂടെ അധ്വാനശീലം കുട്ടികളിൽ തന്നെ വളർത്തിയെടുക്കാം.

നിങ്ങളുടെ കുട്ടികൾ എങ്ങനെ മറ്റുള്ളവരുമായി ഇടപെടുന്നു, അവരെ എങ്ങനെ പ്രോത്സാഹിപ്പിക്കുന്നു.

## നിദ്ര

11-ാം പേജ് തുടർച്ച

കെടുത്തുന്നതാകും. ശ്വാസം ശരിയായി ലഭിക്കാത്തതു കാരണം തനിക്കും ദോഷം ചെയ്യുന്നു. ഇതിലെ ഉറക്കച്ചടവ് എന്നത് ഉണർവ്വും ഉത്സഹവും ഇല്ലാത്ത അവസ്ഥയാണ്. ഇതിലെ പേടി സ്വപ്നം യാഥാർത്ഥവുമായി പൊരുത്തപ്പെടാത്തതും പല തരത്തിലുള്ള ഭീതികൾ ജനിപ്പിക്കുന്നവയുമായ സാഹചര്യങ്ങളാണ്. ഇതിലെ നിദ്രാടനം ലക്ഷ്യബോധമില്ലാത്ത ജീവിത യാത്രയാണ്. ഈ യാത്രയ്ക്കിടയിൽ വിവേകശൂന്യമായ പ്രവർത്തികളും ചെയ്യുവാൻ തുടങ്ങും. ഇതിലെ പാദ ചാഞ്ചല്യം ബുദ്ധിയുടെ അലച്ചിലാണ്. പാദങ്ങൾ ഉദ്ദേശിക്കുന്ന സ്ഥാനത്ത് എത്തിച്ചേരാൻ സഹായിക്കുന്നവ ആയതുപോലെ ബുദ്ധിയാണ് ഒരാളെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ സഹായിക്കുന്നത്. അജ്ഞാനത്തിന്റെ നിദ്രയിലായവരുടെ ബുദ്ധിയാകുന്ന പാദം ചഞ്ചലമായിക്കൊണ്ടിരിക്കും.

തുടരും......

## ആരോഗ്യകരമായ ജീവിതത്തിന്

12-ാം പേജ് തുടർച്ച

ശാരീരിക ഭാവങ്ങൾ നാം എന്തിന് ഉൾക്കൊള്ളണം? ദു:ഖം, ആശങ്ക, ദേഷ്യം ഇങ്ങനെയുള്ള വികാരങ്ങൾ നമുക്ക് അസുഖം തരുന്നവയാണ് എന്നതു മറക്കരുത്. ഒരു നിമിഷം ആ സത്യം ഉൾക്കൊള്ളൂ. ആത്മാവായ എന്റെ നിലനില്പിന്, ഈ ഭൂമിയിലെ ശ്രേഷ്ഠ ജീവിതത്തിന്, ഈ ശരീരബോധം ഉപേക്ഷിച്ചേ മതിയാവൂ. സ്വ-ഭാവം (ആത്മഭാവം) ഉൾക്കൊള്ളുക. പരഭാവം (ദേഹബോധം) ഉപേക്ഷിക്കുക.

എത്ര വേഗം പറഞ്ഞു കഴിഞ്ഞു. ജന്മജന്മങ്ങളായുള്ള സംസ്ക്കാരങ്ങൾ അത്ര വേഗത്തിൽ വിട്ടുപോകില്ല. മറഞ്ഞിരിക്കുന്ന ആത്മീയ മൂല്യങ്ങളും ഗുണങ്ങളും ശക്തികളും ജീവിതത്തിൽ പകർത്താനും ശ്രമിക്കേണ്ടിയിരിക്കുന്നു. രോഗ വിമുക്തിയ്ക്കു ഇത് ചെയ്തേ പറ്റൂ. അതിന് മനസ്സ് ചിട്ടപ്പെടുത്തണം. ലോകമെമ്പാടുമുള്ള ബ്രഹ്മാകുമാരീസിന്റെ രാജയോഗ കേന്ദ്രങ്ങളിൽ നിങ്ങൾക്ക് ഇതിനുള്ള സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാണ്.


**Brahma Kumaris® “Peace of Mind” Global Channel - Info-Edutainment News Channel. No Advertisement..**

PEACE OF MIND
CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**

# ഈശ്വരീയ സേവനം കേരളത്തിൽ



റോഡപകടങ്ങൾക്ക് ഇരയായവരുടെ ഓർമ്മ പുതുക്കുവാൻ 2013 നവമ്പർ 17 ന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഡിറേററിയത്തിൽ കൂടിയ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ നിന്ന്. സംസ്ഥാന ഗതാഗത വകുപ്പു മന്ത്രി ആര്യാടൻ മുഹമ്മദ്, ട്രാൻസ്പോർട്ട് കമ്മീഷണർ ഋഷിരാജ് സിംഗ് മുതലായവർ പങ്കെടുത്തു.



മെഡിക്കൽ വിഭാഗം കോർഡിനേററർ ഡോ.വത്സലൻ നായർ എന്റെ കേരളം, ലഹരി വിമുക്ത കേരളം പദ്ധതിയെക്കുറിച്ച് മുഖ്യമന്ത്രിയുമായും എക്സൈസ് മന്ത്രിയുമായും ചർച്ച നടത്തുന്നു.



മെഡിക്കൽ വിഭാഗം കോർഡിനേററർ ഡോ.വത്സലൻ നായർ കേരള മിനറൽസ് ആന്റ് മെററൽസ് ഉദ്യോഗസ്ഥരുമായി എന്റെ കേരളം, ലഹരി വിമുക്ത കേരളം പദ്ധതിയെക്കുറിച്ച് ചർച്ച നടത്തുന്നു.



എന്റെ കേരളം, ലഹരി വിമുക്ത കേരളം പദ്ധതിയുടെ ദക്ഷിണ കേരള ഉദ്ഘാടനം തിരുവനന്തപുരം ഗാന്ധി പാർക്കിൽ 21 നവമ്പർ 2013 ന് സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജമീല നിർവ്വഹിക്കുന്നു.



എന്റെ കേരളം, ലഹരി വിമുക്ത കേരളം പദ്ധതിയുടെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടന ചടങ്ങിൽ നിന്നും. സംസ്ഥാന യുവജന കമ്മീഷൻ അഡ്വ. രാജേഷ്, സംസ്ഥാന ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. പ്രദീപ് കുമാർ, ഇന്ത്യൻ കൗൺസിൽ ഫോർ ഗാന്ധിയൻ സ്റ്റഡീസ് ചെയർമാൻ ഡോ. രാധാകൃഷ്ണൻ, ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ ലയൺ എ.കെ. അബ്ബാസ്, മെഡിക്കൽ വിഭാഗം കോർഡിനേററർ ഡോ.വത്സലൻ നായർ, ബ്രഹ്മാകുമാരീസ് രാജയോഗ കേന്ദ്രങ്ങളുടെ തിരുവനന്തപുരം കോർഡിനേററർ ബ്രഹ്മാകുമാരി മിന്നി എന്നിവർ പങ്കെടുത്തു.



'കസവ്' കലാ സാംസ്കാരിക വേദിയുടെ ഉത്ഘാടനം കുര്യാത്തി വി.എസ്.എസ് ഭവനിൽ രാജയോഗിനി ബ്രഹ്മാകുമാരി മിനി ഭദ്രദീപം കൊളുത്തി നിർവ്വഹിക്കുന്നു. വി.എസ്.എസ്. പ്രസിഡന്റ് പി.കെ. രാമലിംഗം സമീപം

# ഈശ്വരീയ സേവനം കേരളത്തിൽ






കല്പാത്തി രഥോത്സവത്തോടനുബന്ധിച്ച് ബ്രഹ്മാകുമാരീസ് മെഡിക്കൽ വിംഗിന്റെ പാലക്കാട് ചാപ്റ്ററർ സംഘടിപ്പിച്ച എന്റെ കേരളം, ലഹരി വിമുക്ത കേരളം പദ്ധതിയോടനുബന്ധിച്ചുള്ള ബോധവത്കരണ ചിത്രപ്രദർശിനിയിൽ നിന്നും.





ബ്രഹ്മാകുമാരീസ് യുവജന വിഭാഗം കൊല്ലത്തു സംഘടിപ്പിച്ച ശാന്തിദൂത് സൈക്കിൾ യാത്രയിൽ നിന്ന്.

**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ്**
**തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.

**ഹവിസ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും കവിതകളിലെയും ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതാണ്. അവ ബ്രഹ്മാകുമാരീസിന്റെയോ ഹവിസ്സിന്റെയോ അഭിപ്രായങ്ങളാണെന്ന് ധരിക്കരുത്.**